# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: ksa/kkd/p5/1726/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 01/12/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: ksa/kkd/p5/1726/23 തീയ്യതി: 01/12/2023

# കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 31-01-2023 മുതൽ 08-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജോഷോ ബെന്നറ്റ് ജോൺ , കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 02-11-2023 | 08-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 02-11-2023 | 08-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സതീഷ് കുമാർ.കെ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.ഷൈനി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ.ദേവാനന്ദ്.ടി,സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ.വിജേഷ്.കെ.കെ, ഓഡിറ്റർ,
ശ്രീമതി.അപർണ്ണ.ഡി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സബിത മണക്കുഴി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| സിന്ധു പി ജി | സെക്രട്ടറി | 01-04-2022 | 29-09-2022 |
| ശൈലജ കെ | സെക്രട്ടറി | 30-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജൻ പി പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 10-10-2023 |
| അബ്ദുൾ അസീസ് വള്ളിൽ | അസിസ്റ്റന്റ് സെക്രട്ടറി | 04-11-2022 | 31-03-2023 |
| ഡോ.കെ.ജി ചെറിയാൻ | മെഡിക്കൽ ഓഫീസർ സി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ റൂബിന | മെഡിക്കൽ ഓഫീസർ GAD | 01-04-2022 | 31-03-2023 |
| ഡോ.ജയന | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 31-03-2023 |
| നിഖില ടി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 23-05-2022 |
| ഷിജിത്ത് എ അസിസ്റ്റന്റ് | അസിസ്റ്റന്റ് എൻജിനീയർ | 24-05-2022 | 27-06-2022 |
| സുഭ പി | അസിസ്റ്റന്റ് എൻജിനീയർ | 28-06-2022 | 27-09-2022 |
| ആഷിക് കെ ടി | അസിസ്റ്റന്റ് എൻജിനീയർ | 28-09-2022 | 31-03-2023 |
| സുജല ടി കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| അഖില | കൃഷി ഓഫീസർ | 01-04-2022 | 20-08-2022 |
| അമൃത വരേണ്യ | കൃഷി ഓഫീസർ | 21-08-2022 | 31-03-2023 |
| അനിൽ കുമാർ | ഫീഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| സലീൽകുമാർ കെ കെ | വി ഇ ഓ | 01-04-2022 | 31-03-2023 |
| അഞ്ജലി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 01-12-2022 |
| മഞ്ജു ബാലകൃഷ്ണൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 02-12-2022 | 31-03-2023 |
| ഡോ.സുനിൽ കുമാർ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ | 1-1-1 |
| 3 | ക്യാഷ് ഫ്ളോ പത്രിക-അപാകത | 1-1-2 |
| 4 | കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-3 |
| 5 | സമയ ബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1-5 |
| 7 | വാർഷിക ധനകാര്യ പത്രികയും ഡെപ്പോസിറ്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേമെന്റ് പ്രകാരം) | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | ആഭ്യന്തരനിയന്ത്രണം | 1-6 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 14 | ക്ഷേമ പദ്ധതികൾ | 1-8 |
| 15 | ടാക്സ് ഓഡിറ്റ് | 1-9 |
| 16 | വസ്തു നികുതി തെറ്റായി നിർണ്ണയിച്ചു- നികുതിയിനത്തിൽ നഷ്ടം | 1-10 |
| 17 | പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവന്നില്ല. | 1-11 |
| 18 | പഞ്ചായത്ത് വാടക കെട്ടിടങ്ങൾ സംബന്ധിച്ച അപാകതകൾ | 1-12 |
| 19 | സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹരെ യഥാസമയം ഒഴിവാക്കുന്നില്ല | 1-13 |
| 20 | പ്രവർത്തനക്ഷമമല്ലാത്ത തെരുവു ടാപ്പുകൾക്ക് വെള്ളക്കരം അടവാക്കി | 1-14 |
| 21 | നിയമോപദേശത്തിന് അനുവദനീയമായതിനേക്കാൾ കൂടുതൽ പ്രതിഫലം നൽകി | 1-15 |
| 22 | ന്യൂട്രിമിക്സ്  വിതരണം - സ്രോതസ്സിൽ നിന്ന് നികുതി കുറവ് ചെയ്തില്ല | 1-16 |
| 23 | റിങ്ങ് കമ്പോസ്റ്റ് വിതരണത്തിലെ അപാകതകൾ | 1-17 |
| 24 | കളക്ടേർസ് അറ്റ് സ്കൂൾ - പ്രഖ്യാപിത ലക്ഷ്യത്തിന് വിരുദ്ധമായി പദ്ധതി നടപ്പാക്കി | 1-18 |
| 25 | ശൗചാലയ നിർമ്മാണത്തിന് ധനസഹായം - അപേക്ഷകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-19 |

| | | |
|---|---|---|
| 26 | ലൈഫ് ഗുണഭോക്താക്കൾക്കുള്ള ധനസഹായം - രജിസ്റ്ററുകൾ കാലികമാക്കിയില്ല | 1-20 |
| 27 | ഹരിതകർമ്മസേന – അടിസ്ഥാന സൗകര്യങ്ങൾ അപര്യാപതം | 1-21 |
| 28 | തെരുവ് വിളക്കുകൾക്ക് AMC - അപാകതകൾ | 1-22 |
| 29 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധിക തുക നൽകി | 1-23 |
| 30 | മിൽക്ക് ഇൻസെന്റീവ്-44 ഗുണഭോക്താക്കൾക്ക് ഇൻസെന്റീവ് ലഭിച്ചില്ല | 1-24 |
| 31 | ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിൽ പണം ലഭ്യമായില്ല - തനത് ഫണ്ടിൽ നിന്നും പണം നൽകി | 1-25 |
| 32 | മണ്ണ് പരിശോധന ഫീസ് ഘടക രൂപകല്പന ഫീസ് എന്നിവ അടവാക്കൽ-അപാകതകൾ | 1-26 |
| 33 | തെരുവ് വിളക്കുകളുടെ എഎംസി- അധിക തുക അനുവദിച്ചത് - രേഖകൾ ഹാജരാക്കിയില്ല | 1-27 |
| 34 | കുടുംബശ്രീ ബിൽഡിംഗ് വൈദ്യുതീകരണം അപാകതകൾ | 1-28 |
| 35 | ചാമപ്പറമ്പത്ത് മുക്ക് താഴെ എടപ്പൊയിൽ മാഹി കനാൽ റോഡ് ടാറിംഗ് പ്രവൃത്തി പൂർത്തീകരിച്ച് 5 ദിവസത്തിനകം റോഡ് തകർന്നു - തുടർനടപടികൾ സ്വീകരിച്ചില്ല | 1-29 |
| 36 | തനത് ഫണ്ട് വകയിരുത്തി അംഗീകാരം നേടിയ പ്രൊജക്ടുകളിൽ തനത് ഫണ്ടിന് പകരം മറ്റ് സ്രോതസ്സുകൾ ഉൾപ്പെടുത്തി ഭേദഗതി വരുത്തി | 1-30 |
| 37 | കോൺക്രീറ്റ് പേവിംഗ് - ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികളിലും ഫോംവർക്കിന് തുക ഉൾപ്പെടുത്തുന്നു | 1-31 |
| 38 | തിരുവള്ളൂർ ടൗൺ ഡ്രെയിനേജ് ഫുട്പാത്ത് നിർമ്മാണം - പഴയ സ്ലാബ് പൊളിച്ച കമ്പി ലേലം ചെയ്യതിന്റെ വിവരം ലഭ്യമല്ല | 1-32 |
| **ഭാഗം 2** | | |
| 1 | വസ്തു നികുതി തെറ്റായി നിർണ്ണയിച്ചു- നികുതിയിനത്തിൽ നഷ്ടം | 2-1 |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും | 4-5 |

| | | |
|---|---|---|
| | വിശദവിവരം താഴെ കൊടുക്കുന്നു | |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27/06/2023 ലെ 1/1 നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 30/06/2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തിരുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തിരുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക കണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, Notes To Accounts എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

### 1-1-2 ക്യാഷ് ഫ്ളോ പത്രിക-അപാകത

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1. ബി-14 പ്രകാരം ക്ലോസിംഗ് സ്റ്റോക്ക് മൂല്യം 2,120/- രൂപയാണ്. എന്നാൽ ഇതിന്റെ ആധികാരികത ഉറപ്പ് വരുത്തുന്ന രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി സൂക്ഷിച്ചിട്ടില്ല.
2. ക്യാഷ് അടിസ്ഥാനത്തിൽ രേഖപ്പെടുത്തുന്ന Sale Of Tender Forms, Receipt From Scrap/empties And Waste Materials എന്നീ ഇനങ്ങളിൽ യഥാക്രമം 12,620 , 19,944 തുകകൾ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുകകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

1-1-4 സമയ ബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. Property Tax On Residential Buildings (110100101), Property Tax On Non-Residential Buildings (110100102) എന്നീ അക്കൗണ്ട് ഹെഡുകളുടെ 01.04.2022 മുതൽ 31.03.2023 വരെയുള്ള ലെഡ്ജർ റിപ്പോർട്ട് പരിശോധിച്ചു. വസ്തുനികുതി ഇനത്തിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും കെട്ടിടങ്ങളുടെ പൊളിച്ചുമാറ്റൽ, പുതിയ കെട്ടിടങ്ങൾ നിലവിൽ വരുന്നത് എന്നിവയ്ക്ക് അനുസരിച്ച് ഡിമാന്റ് എൻട്രി വരുത്തുന്നില്ല. രണ്ട് തവണ മാത്രമാണ് (08.11.22, 31.03.23) ഡിമാന്റ് എൻട്രി വരുത്തിയത്.

ലഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

1-1-5 രസീത് തെറ്റായ ശീർഷകത്തിൽ നൽകി

2022-23 വർഷത്തെ ലേല രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം ലേലത്തിൽ ലഭിച്ച 3,120 രൂപ 340200102 എന്ന Auction Deposit ഹെഡ്ഡിൽ (RP 33(R)) ആണ് വരവ് വെച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ ആസ്തിയായി രേഖപ്പെടുത്തേണ്ട ഈ തുക, ബാധ്യത ഇനത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-6 വാർഷിക ധനകാര്യ പത്രികയും ഡെപ്പോസിറ്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രികയിലെ RP33(R) പ്രകാരം Contractors Retention ഇനത്തിൽ 178577/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഈ ഇനത്തിൽ 195527/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 16950/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 29.3.22 ലെ 98/22 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 29.03.23 ലെ 3/01 തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് തയ്യാറാക്കിയതിലും പരിപാലിച്ചതിലുമുണ്ടായ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പ്രധാനപ്പെട്ട ബജറ്റ് രേഖകൾ തയ്യാറാക്കിയില്ല

തദ്ദേശ സ്ഥാപനങ്ങളുടെ ബജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ പ്രകാരം താഴെ കൊടുത്ത രേഖകൾ ബജറ്റിനൊപ്പം തയ്യാറാക്കേണ്ടതാണ്.

എ) ബജറ്റ് നോട്ട്

ബി) ജന്റർ ബജറ്റ്

സി) പെർഫോമൻസ് ബജറ്റ്

ഇവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത രേഖകൾ തയ്യാറാക്കിയിട്ടില്ലെന്ന് അനുമാനിക്കുന്നു.

2. തനത് ഫണ്ട് പ്രൊവിഷൻ വാർഷിക പദ്ധതിയുമായി പൊരുത്തപ്പെടുന്നില്ല

ബജറ്റിൽ വാർഷിക പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും 2,79,05,000/- രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ അന്തിമ പദ്ധതിരേഖ പരിശോധിച്ചതിൽ 1,05,90,181/- രൂപയാണ് വാർഷിക പദ്ധതിക്ക് തനത്ഫണ്ടിൽ നിന്നും വകയിരുത്തിയതെന്ന് കാണുന്നു. അതായത് ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കുറഞ്ഞ തുകയാണ് വാർഷിക പദ്ധതിക്ക് തനത്ഫണ്ടിൽ നിന്നും വകയിരുത്തിയതെന്ന് കാണാം. ബജറ്റിൽ തുക എന്തിനുവേണ്ടി വകയിരുത്തുന്നുവെന്ന ധാരണയില്ലായ്മയാണ് ഇത് പ്രതിഫലിപ്പിക്കുന്നത്.

വരുമാനത്തിലോ ചെലവിലോ ഉണ്ടാകുന്ന വ്യതിയാനം ഉൾക്കൊണ്ടുകൊണ്ട് ഉടനടി ബജറ്റ് പുതുക്കണമെന്ന തത്വം ഇവിടെ പാലിക്കപ്പെട്ടില്ല.

3.വാർഷിക പദ്ധതി അടങ്കലും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല

വാർഷിക പദ്ധതിക്കായി ബജറ്റിൽ, BS9, BS12 ഷെഡ്യൂളുകൾ പ്രകാരം വകയിരുത്തിയ തുകയും, വാർഷിക പദ്ധതിയുടെയും NREGS പദ്ധതിയുടെയും കൂടിയുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| ഗ്രാമപഞ്ചായത്ത് അംഗീകരിച്ച വാർഷിക പദ്ധതി അടങ്കൽ | 11,04,42,120 |
| NREGS പദ്ധതി ആക്ഷൻ പ്ലാൻ അടങ്കൽ | 5,57,99,000 |
| ആകെ | 16,62,41,120 |
| ഷെഡ്യൂൾ BS9+BS12 | 23,54,91,440 |
| വ്യത്യാസം | 6,92,50,320 |

മേല്പറഞ്ഞതിൽ നിന്നും ബജറ്റിൽ വകയിരുത്തിയ 6.9 കോടി രൂപ എന്തിനു വേണ്ടിയാണെന്ന് കാണാതെയാണ് അത്രയും തുക വകയിരുത്തിയതെന്ന് വ്യക്തമാകുന്നു.

ബജറ്റ് രൂപീകരണത്തിലും പരിപാലനത്തിലുമുള്ള അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും വരും വർഷങ്ങളിൽ കുറ്റമറ്റ രീതിയിൽ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്.

1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,27,16,498 |
| വരവ് | 6,43,24,106 |
| ആകെ | 8,70,40,604 |
| ചെലവ് | 5,62,10,708 |
| നീക്കിയിരിപ്പ് | 3,08,29,896 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 29057400 | 29057400 | 25161405 | 3895995 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 3327000 | 3327000 | 3008649 | 318351 (*) |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 6904000 | 6904000 | 3128206 | 3775794 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 8877000 | 8877000 | 5833034 | 3043966 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | ബാങ്ക് | 6912100 | 6227000 | 13139100 | 2223556 | 10915544 |
| | ട്രഷറി | 0 | 5643703 | 5643703 | 2515407 | 3128296 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | ബാങ്ക് | 715584 | 4452555 | 5168139 | 4599125 | 569014 |
| | ട്രഷറി | 0 | 239583 | 239583 | 0 | 239583 |

(*) ACR ൽ യഥാർത്ഥത്തിൽ ചെലവഴിക്കാത്ത തുക തുകയായി ചേർത്തു.

( 325/31.03.2023, 98-ലൈഫ് ഭവനം, എസ്.സി) 302757, 324/31.03.2023

116/house Renovation എസ്.സി )15594)

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 166 | 12,76,99,224 | 99 | 22 | 5,41,58,704 | 45 | 72.89% |

ഡി.പി.സി. അംഗീകാരം ലഭിച്ച 166 പ്രൊജക്ടുകളിൽ 99 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 12,76,99,224/- രൂപ വകയിരുത്തിയതിൽ 5,41,58,704/- രൂപ മാത്രമാണ് പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 27,30,048/- രൂപ തനതുഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

## 1-6 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു. ടെണ്ടർ ഫോം വിൽപ്പന രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ ക്രമവൽക്കരണ അപേക്ഷകൾ പ്രത്യേകം ഏതെന്ന് രേഖപ്പെടുത്തിയിട്ടില്ല കൂടാതെ പെർമിറ്റ് രജിസ്റ്ററിൽ കെട്ടിടത്തിന്റെ മുഴുവൻ വിവരങ്ങളും കൃത്യമായി

രേഖപ്പെടുത്തുന്നില്ല.

ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ ലൈസൻസ് എടുത്തതായി കാണുന്നില്ല. ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.11.2023 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2577/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 10578800 | 1006 |
| വിധവ പെൻഷൻ | 14210800 | 1377 |
| വാർദ്ധക്യകാല പെൻഷൻ | 26983600 | 2771 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 384000 | 39 |
| വികലാംഗ പെൻഷൻ | 6475800 | 617 |

## 1-9 ടാക്സ് ഓഡിറ്റ്

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദ്ദേശ പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/ എസ്.എസ്.3/2019 നമ്പർ കത്തിലെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിൽ ടാക്സ് ഓഡിറ്റ് നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ വരുമാനമാർഗ്ഗങ്ങൾ. നികുതിയിനത്തിൽ വസ്തുനികുതി, തൊഴിൽനികുതി എന്നിവയും ഫീ ഇനത്തിൽ സംരംഭക ലൈസൻസ്

ഫീ, കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് ഫീ എന്നിവയുമാണ് പ്രധാന തനത് വരുമാന സ്രോതസ്സുകൾ. വാടകയിനത്തിലും പഞ്ചായത്തിന് വരുമാനം ലഭിക്കുന്നുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തുനികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്.

കെട്ടിടങ്ങൾ സംബന്ധിച്ച വിവരം

ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമായ കണക്കുകൾ പ്രകാരം ആകെയുള്ള 20 വാർഡുകളിലായി 15107 കെട്ടിടങ്ങളാണുള്ളത്. ഇതിൽ 3518 കെട്ടിടങ്ങൾ വാണിജ്യ/വ്യവസായ കെട്ടിടങ്ങളാണ്. ഇതിൽ 69 കെട്ടിടങ്ങൾക്ക് 2022-23 വർഷം വേക്കൻസി റമിഷൻ നൽകിയിട്ടുണ്ട്.

നികുതി വരുമാനം

1-വസ്തു നികുതി

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരം വസ്തുനികുതിയിനത്തിൽ പ്രതീക്ഷിത വരവ് (കുടിശ്ശിക ഉൾപ്പെടെ) 54,49,267/- രൂപയായിരുന്നു. വാർഷിക കണക്കുകൾ പ്രകാരം തൻവർഷം ഈയിനത്തിലെ വരവ് 51,59,444/- രൂപയാണ്. ബജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 2,89,823/- രൂപ വസ്തുനികുതിയിനത്തിൽ കുറവ് വന്നിട്ടുണ്ട്. നികുതി കണക്കാക്കുന്നതിലെ കൃത്യത ഉറപ്പ് വരുത്തുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിക്കുന്നുണ്ട് (പാര-1-10). ഇത് ആവർത്തിക്കാതിരിക്കേണ്ടതും മുൻവർഷ നികുതി നിർണ്ണയങ്ങളിൽ സംഭവിച്ച അപാകതകൾ 2023-24 ലെ നികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഫീൽഡ് തല പരിശോധനയിലൂടെ കൃത്യമായ വിവരങ്ങൾ ശേഖരിച്ച് താരതമ്യപ്പെടുത്തേണ്ടതും, ആയതിനനുസരിച്ച് നികുതി പരിഷ്കരിക്കേണ്ടതുമാണ്.

2023 – 24 ലെ നികുതി പരിഷ്കരണം

22.03.2023 ലെ സ.ഉ (സാധാ)77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18-04-23 ലെ 3(1) നമ്പർ തീരുമാന പ്രകാരം കരട് വിജ്ഞാപനം ഇറക്കുകയും 18-05-23 ന് JC2-3091/23 നമ്പറായി കരട് വിജ്ഞാപനം ചെയ്യുകയും 22.08.2023 ലെ 03(1) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ JC2-1/3091/23 തി-09.10.2023 നമ്പറായി അന്തിമ നോട്ടീസ് പുറപ്പെടുവിക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്തിലെ ഭൂപ്രദേശത്തെ പ്രഥമ, ദ്വിതീയ, തൃതീയ മേഖലകളായി തരം തിരിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനവും ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. ഫീൽഡ്തല പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി ക്രമവൽക്കരിക്കേണ്ടതും നികുതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്.

ഫീൽഡ്തല പരിശോധനകൾ

വസ്തുനികുതി നിർണ്ണയിച്ചതിന് ശേഷം നിലവിലെ കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ നടത്തിയവയുടെയും നികുതി നിർണ്ണയം നടത്താത്ത പുതിയ കെട്ടിടങ്ങളുടെയും പരിവർത്തനങ്ങൾ, ഉപയോഗക്രമമാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്തി ആയതിനനുസരിച്ച് നികുതി പുനർ നിർണ്ണയം നടത്തുന്നതിനും, അനധികൃതമായി നിർമ്മിക്കപ്പെട്ടതും നികുതി നിർണ്ണയിക്കപ്പെടാത്തതുമായ കെട്ടിടങ്ങൾ കണ്ടെത്തി അവയെല്ലാം പുതുക്കിയ വസ്തുനികുതി നിരക്കിലേക്ക് കൊണ്ടുവരുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി 2023 നവംബർ 1 മുതൽ 15 ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ കോഴ്സ് കഴിഞ്ഞ കുട്ടികളെ നിയമിച്ചിട്ടുണ്ട്. ഇവർക്ക് നികുതി പുനർ നിർണ്ണയിച്ചത് പ്രകാരമുള്ള പുതിയ ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യുന്നതിനും സഞ്ചയ പ്രകാരമുള്ള കെട്ടിടത്തിൽ നിന്നും മാറ്റം

വരുത്തിയിട്ടുണ്ടോയെന്നും റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നതിനാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നാണ് സെക്ഷൻ ക്ലാർക്ക് വാക്കാൽ അറിയിച്ചിട്ടുള്ളത്. എന്നാൽ ഇവരെ തെരഞ്ഞെടുത്തത് സംബന്ധിച്ചും നിയമിച്ചത് സംബന്ധിച്ചുമുള്ള സെക്രട്ടറിയുടെ ഉത്തരവോ പ്രൊസീഡിംഗ്സോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയിട്ടില്ല

നിർമ്മാണം പൂർത്തീകരിച്ച് നമ്പർ അനുവദിച്ച കെട്ടിടങ്ങൾ രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത്‌രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21(1) ൽ വ്യക്തമാക്കിയിട്ടുണ്ട്. ചട്ടപ്രകാരം പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയാൽ നികുതി നിർണ്ണയത്തിന് ശേഷം നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, ഉപയോഗക്രമമാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്താൻ സാധിക്കുന്നതും ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്തി തനത്‌വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നില്ല.

2.തൊഴിൽ നികുതി

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പെടെ തൊഴിൽനികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു. തൊഴിൽനികുതി ഡിമാന്റ് 100 ശതമാനമാക്കുന്നതിന് സ്ഥാപനം ക്രിയാത്മക നടപടികൾ സ്വീകരിച്ചിട്ടില്ല.

കച്ചവടക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്ന വേളയിൽ രണ്ടോ അതിലധികമോ തൊഴിലാളികൾ ജോലി ചെയ്യുന്നതായിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ നികുതി റിട്ടേൺ ആവശ്യപ്പെടുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. കച്ചവടക്കാരിൽ നിന്നും പിരിച്ചെടുക്കുന്ന നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല കണക്കാക്കി ഈടാക്കി വരുന്നത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാന ചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ്.

പഞ്ചായത്തിലെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഖണ്ഡിക 1-11 ൽ പരാമർശിച്ച ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ലഭ്യമാവേണ്ട തൊഴിൽനികുതി 2022-23 വർഷം പഞ്ചായത്തിന് നഷ്ടപ്പെട്ടു. നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽനികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന തൊഴിൽനികുതി സംബന്ധിച്ച ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

3.നികുതിയേതര വരവുകൾ

1.സംരംഭക ലൈസൻസ്.

പഞ്ചായത്തിൽ വാണിജ്യ-വ്യാവസായികാവശ്യത്തിന് നമ്പർ നിർണ്ണയിച്ചിട്ടുള്ള 3518 (ഓഡിറ്റ് വർഷം) ഡിമാന്റുകൾ ഉണ്ടെന്നിരിക്കെ (69 വേക്കൻസി റെമിഷൻ) 696 ഡിമാന്റുകൾ മാത്രമാണ് ലൈസൻസ് പരിധിയിൽ വന്നിട്ടുള്ളത്. ഓഡിറ്റിന് ലഭ്യമാക്കിയ 2022-23 ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയല്ലാതെ ലൈസൻസ് എടുപ്പിച്ചിട്ടില്ല. 2022-23 സാമ്പത്തിക വർഷം എത്ര കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന കണക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ കൺസോളിഡേറ്റ് ചെയ്യുകയോ

ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇത് പഞ്ചായത്തിന്റെ ഗുരുതര വീഴ്ചയായി ഓഡിറ്റ് കാണുന്നു. ഇത് വലിയ തുക വരുമാന ചോർച്ച ഉണ്ടാക്കിയിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല.

2. അനധികൃത നിർമ്മാണങ്ങൾ പരിശോധിക്കപ്പെടുന്നില്ല

പഞ്ചായത്തിൽ 2022-23 വർഷം ആകെ 470 കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകൾ വന്നിട്ടുണ്ട്. ഇതിൽ 129 അപേക്ഷകൾ ക്രമവൽക്കരണത്തിനായി സമർപ്പിച്ചവയാണ്. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ ക്രമവൽക്കരണ അപേക്ഷകൾ പ്രത്യേകം ഏതെന്ന് രേഖപ്പെടുത്തിയിട്ടില്ല കൂടാതെ പെർമിറ്റ് രജിസ്റ്ററിൽ കെട്ടിടത്തിന്റെ മുഴുവൻ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തുന്നില്ല. സെക്ഷനിൽ നിന്നും ലഭ്യമായ വിവരപ്രകാരം ആകെ ലഭ്യമായ 129 ക്രമവൽക്കരണ അപേക്ഷകളിൽ 71 കെട്ടിടങ്ങളുടെ അപേക്ഷകളാണ് 2022-23 വർഷം ക്രമവൽക്കരിച്ച് നൽകിയത്. റഗുലറൈസേഷൻ ഫയലുകളിൽ അപാകതയുള്ളവ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235W പ്രകാരം യു.എ നമ്പർ നൽകി അനധികൃത നിർമ്മാണത്തിന് ബാധകമായ നിലയിൽ അധിക നികുതി ഈടാക്കിയിട്ടില്ല. ഇതിൽ നിന്നും പെർമിറ്റ് എടുക്കാതെയുള്ള കെട്ടിട നിർമ്മാണം പഞ്ചായത്തിൽ വ്യാപകമായി നടക്കുന്നുണ്ട് എന്ന് വ്യക്തമാണ്. എന്നാൽ പഞ്ചായത്തിന്റെ രേഖകളിൽ ഒരു അനധികൃത കെട്ടിടവും ഇല്ല. ഇതിൽ നിന്നും ഫീൽഡ്തല പരിശോധന കൃത്യമായി നടത്തുന്നില്ല എന്ന് വ്യക്തമാകുന്നു

3)വാടക വരവ്

പഞ്ചായത്തിൽ 2022-23 വർഷം ആകെ 4 വാടക മുറികളിൽ നിന്നു മാത്രമാണ് വാടക വരവുള്ളത്. നിലവിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മത്സ്യമാർക്കറ്റ് കോംപ്ലക്സിലും കുടുംബശ്രീ കെട്ടിടത്തിലുമായി 19 മുറികൾ അറ്റകുറ്റപണികൾ പൂർത്തിയായി ലേലം ചെയ്ത് നൽകുവാനുണ്ട്. എന്നാൽ 2022-23 സാമ്പത്തിക വർഷം പണി പൂർത്തിയായിട്ടും നാളിതുവരെ വാടക വാല്വേഷൻ ചെയ്ത് കെട്ടിടങ്ങൾ ലേലം ചെയ്തിട്ടില്ല (പാര-1-12). ഇത് പഞ്ചായത്തിന് വാടകയിനത്തിലുള്ള വരുമാന നഷ്ടം ഉണ്ടാക്കാനിടയായി. അടിയന്തിരമായി ഈ കെട്ടിടമുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, ഡി&ഒ, തൊഴിൽനികുതി, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല എൽപിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ടു ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർനടപടി ഇല്ലാതിരിക്കുകയും, ആയതുകൊണ്ടു തന്നെ പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി ചുവടെ പരാമർശിച്ച ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

2. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്കിലും, പുതുക്കിയ ഇളവ്-വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർനിർണ്ണയിക്കേണ്ടതാണ്.

3. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.

4.നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം

മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം പണിത് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്നും കൃത്യമായി ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതിപരിധിയിൽ കൊണ്ടുവരുന്നതിനുമുള്ള നിലവിലെ പരിശ്രമങ്ങൾ ഉർജ്ജിതപ്പെടുത്തേണ്ടതും, നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പിരിവ് ഉറപ്പ് വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടിടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുന്നുണ്ട് എന്ന് കാലാകാലങ്ങളിൽ ഉറപ്പ് വരുത്തേണ്ടതുമാണ്.

5. വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊഴിൽനികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

6. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ നോട്ടീസ് നൽകേണ്ടതും, ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

7. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്. വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

8. ട്രേഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

9. മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

### 1-10 വസ്തു നികുതി തെറ്റായി നിർണ്ണയിച്ചു- നികുതിയിനത്തിൽ നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 ൽ 4 പ്രകാരം തക്കതായ കാരണങ്ങളാൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിൽ ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണെന്ന് പറയുന്നു. ചട്ടം 3 ൽ 5 ൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം 4-ാം ചട്ടം (1)-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിട ഭാഗത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ്.

എന്നാൽ ശ്രീ.അമിറുദ്ദീൻ.കെ, ഫാത്തിമ മൻസിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 06/83A മുതൽ 06/83F വരെ കെട്ടിട നമ്പർ നൽകിയതും 225.74m2 വിസ്തീർണ്ണവുമുള്ള വാണിജ്യ കെട്ടിടത്തിന് 100 ച.മീറ്ററിൽ കുറവുള്ള ചെറിയ മുറികളായി കെട്ടിട നമ്പർ നൽകുകയും 100 ച.മീറ്ററിൽ കുറവുള്ള കെട്ടിടത്തിന്റെ കുറഞ്ഞ നികുതി നിരക്ക് നൽകിയുമാണ് നികുതി കണക്കാക്കിയിരിക്കുന്നത്. ചട്ടം 4(1) പ്രകാരം 100 ച.മീറ്ററിൽ കൂടുതലുള്ള ഈ കെട്ടിടത്തിന് 100m2 ൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ നികുതി നിരക്ക് നൽകേണ്ടതായിരുന്നു. ഇപ്രകാരം ചെയ്യാത്തത് മൂലം വസ്തുനികുതിയിനത്തിൽ

പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

കെട്ടിടം ടാക്സ് അസസ് ചെയ്ത് സഞ്ചയയിൽ ഡിജിറ്റൽസൈൻ ചെയ്തത് 16.06.22 നാണ്. കെട്ടിടം പ്രാഥമിക മേഖലയിലും 5 മീറ്റർ റോഡ് സൗകര്യം ഉള്ളതുമാണ്.

100m2 വരെ നികുതി നിരക്ക്-ച.മീറ്ററിന് - Rs.40/-

100m2 ന് മുകളിൽ നികുതി നിരക്ക്-ച.മീറ്ററിന് - Rs.60/

| ക്രമ നം | കെട്ടിട നമ്പർ, | വിസ്തീർണ്ണം | ഈടാക്കിയ വസ്തുനികുതി | വസ്തുനികുതി യഥാർത്ഥത്തിൽ കണക്കാക്കേണ്ടത് | വസ്തുനികുതി കണക്കാക്കിയതു മൂലം പഞ്ചായത്തിനുണ്ടായ നികുതി യിനത്തിലെ നഷ്ടം |
|---|---|---|---|---|---|
| 1 | 6/83 A | 22.33M2 | 1072/-<br>(LC- 54) | അടിസ്ഥാന വസ്തു നികുതി നിരക്ക്-ചതു.മീറ്ററിന് 60/-രൂപ,<br>അടിസ്ഥാന വസ്തു നികുതി= 1340/-,<br>വഴി വർദ്ധന (20%) = 268/-<br>ആകെ =1608/-<br>LC=81/- | 536+<br>27(LC) |
| 2 | 6/83 B | 22.33M2 | 1072/-<br>(LC- 54) | അടിസ്ഥാന വസ്തു നികുതി നിരക്ക്-ച.മീറ്ററിന് 60/-രൂപ,<br>അടിസ്ഥാന വസ്തു നികുതി= 1340/-,<br>വഴി വർദ്ധന (20%) = 268/-<br>ആകെ =1608/-<br>LC=81/- | 536+<br>27(LC) |
| 3 | 6/83 C | 22.33M2 | 1072/-<br>(LC- 54) | അടിസ്ഥാന വസ്തു നികുതി നിരക്ക്-ചതു.മീറ്ററിന് 60/-രൂപ,<br>അടിസ്ഥാന വസ്തു. നികുതി= 1340/-, | 536+<br>27(LC) |

| | | | | | |
|---|---|---|---|---|---|
| | | | | വഴി വർദ്ധന (20%) = 268/-<br>ആകെ =1608/-<br>LC=81/- | |
| 4 | 6/83 D | 56.32 M2 | 2704/-<br>(LC- 136) | അടിസ്ഥാന വസ്തു നികുതി നിരക്ക്- ച.മീറ്ററിന് 60/- രൂപ, അടിസ്ഥാന<br>വസ്തു നികുതി= 3380/-,<br>വഴി വർദ്ധന (20%) = 676/-<br>ആകെ =4056/-<br>LC=203/- | 1352+<br>67(LC) |
| 5 | 6/83 E<br>(1-ാം നില) | 79.38 M2 | 3621/-<br>(LC- 181) | അടിസ്ഥാന വസ്തു നികുതി നിരക്ക്- ച.മീറ്ററിന് 60/- രൂപ,അടിസ്ഥാന<br>വസ്തുനികുതി= 4763/-,<br>വഴി വർദ്ധന (20%) = 953/-<br>ആകെ =5716/- (1-ാം നില 5% ഇളവ് 5430<br>LC=272/- | 1809+91(LC) |
| 5 | 6/83 F | 79.38 M2 | 3621/-<br>(LC- 181) | അടിസ്ഥാന വസ്തു നികുതി നിരക്ക്- ച.മീറ്ററിന് 60/- രൂപ,അടിസ്ഥാന<br>വസ്തുനികുതി= 4763/-,<br>വഴി വർദ്ധന(20%) = 953/-<br>ആകെ =5716/-<br>(1-ാം നില 5% ഇളവ്) 5430<br>LC=272/- | 1809+91(LC) |
| | | | | ആകെ നഷ്ടം | 6578/-<br>(LC- 330/-) |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതും കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതുമാണ്.

**1-11 പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവന്നില്ല.**

പഞ്ചായത്തിലെ ആകെ ഡിമാന്റുകളിൽ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ടത് 3518 കെട്ടിടങ്ങൾക്കാണ് (ഓഡിറ്റ് എൻക്വയറി 02/22-23 യ്ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം). ഇതിൽ 2022-23 ൽ ആകെ വേക്കൻസി റമിഷൻ അനുവദിച്ചത് 69 കെട്ടിടങ്ങൾക്ക് മാത്രമാണ്. 2022-23 വർഷം പഞ്ചായത്ത് അനുവദിച്ച എഫ്.ടി.ഇ & ഒ.എസ് ലൈസൻസുകൾ 517 എണ്ണമാണ്. ഇത് നൽകിയിരിക്കുന്നത് 696 കെട്ടിടങ്ങളിലായാണ്. ഇത് പ്രകാരം 2753 വാണിജ്യ/വ്യവസായ കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാതിരിക്കുകയോ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതിരിക്കുകയോ ചെയ്യുന്നുണ്ട് എന്ന് വേണം മനസിലാക്കാൻ.

ഓഡിറ്റിന് ലഭ്യമാക്കിയ 2022-23 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിലെ ആകെയുള്ള 20 വാർഡുകളിലും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ഫീൽഡ് പരിശോധന നടത്തി രേഖപ്പെടുത്തിയതായി കാണിച്ചിട്ടുണ്ട്. ഇപ്രകാരം കണ്ടെത്തിയ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതായും കാണുന്നു. ഇപ്രകാരം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതായി രേഖപ്പെടുത്തിയ വാർഡ് 1 ലെ മാത്രം വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | സ്ഥാപനം |
|---|---|---|
| 1 | 1/297 | പലചരക്ക് കച്ചവടം |
| 2 | 1/240 | പലചരക്ക് കച്ചവടം |
| 3 | 1/266A,B | പലചരക്ക് കച്ചവടം |
| 4 | 1/298 | പലചരക്ക് കച്ചവടം |
| 5 | 1/301 | ഫ്ലോർ മിൽ |
| 6 | 1/364 | ഹോട്ടൽ |
| 7 | 1/365 | ജ്വല്ലറി |
| 8 | 1/366 | ബാർബർ ഷോപ്പ് |
| 9 | 1/484 | സിമന്റ് കച്ചവടം |
| 10 | 1/485, 1/486 | സിമന്റ് കച്ചവടം |

| | | |
|---|---|---|
| 11 | 1/487, 1/488 | വർക്ക് ഷോപ്പ് |

ഒരു വാർഡിൽ തന്നെ ഇത്രയും സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതായി പരിശോധനയിൽ വ്യക്തമാവുകയും നോട്ടീസ് നൽകുകയും ചെയ്തിട്ടും സ്ഥാപനങ്ങൾ പഞ്ചായത്ത് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ ഭരണസമിതിയോ പരിശോധിച്ചിട്ടില്ല. ഇത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള ഗുരുതരവീഴ്ചയാണ്. ലൈസൻസ് ഫീസിനത്തിലും സ്ഥാപനത്തിന്റെയും ജീവനക്കാരുടെയും തൊഴിൽനികുതി ഇനത്തിലും ഉള്ള വരുമാന നഷ്ടത്തിനും ഇത് കാരണമായിട്ടുണ്ട്.

ഇത് കൂടാതെ ട്രേഡേഴ്സ് ലിസ്റ്റിൽ വാണിജ്യ കെട്ടിടങ്ങൾ ക്വാർട്ടേഴ്സ് ആയി പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തി കാണുന്നുണ്ട്. ഉദാഹരണം - 3/502, 3/503, 3/504, 3/505, 3/506, 3/507, 3/508 എന്നീ വാണിജ്യ കെട്ടിടങ്ങൾ നിലവിൽ ക്വാർട്ടേഴ്സ് ആയാണ് പ്രവർത്തിക്കുന്നത് എന്ന് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ഇത്തരം വാണിജ്യ കെട്ടിടങ്ങൾ കെട്ടിട നിർമ്മാണ ചട്ടം പാലിച്ച് ഒക്യുപെൻസി മാറ്റാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് ചട്ടലംഘനമാണ്. ഇതിനെതിരെ പഞ്ചായത്ത് യാതൊരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ല.

ഇതിനാൽ ആകെ എത്ര സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാത്തതായും, ലൈസൻസ് എടുക്കാത്തതായും ഉണ്ട് എന്ന് സ്ഥലപരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും, ഇത്തരം മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതുമാണ്. കൂടാതെ ഈ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതും ഇതുമൂലമുണ്ടായ ലൈസൻസ് ഫീസിനത്തിലെയും തൊഴിൽനികുതിയിനത്തിലെയും വർധനവിന്റെ പുരോഗതി സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

## 1-12 പഞ്ചായത്ത് വാടക കെട്ടിടങ്ങൾ സംബന്ധിച്ച അപാകതകൾ

പഞ്ചായത്തിന്റെ വാടക കെട്ടിടങ്ങളുടെ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2022-23 വർഷാവസാനം 20,397/-രൂപ വാടക കുടിശ്ശികയുള്ളതായും 12,900/-രൂപ വാടക കുടിശ്ശിക എഴുതി തള്ളിയതായും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക ഏത് വാടക കെട്ടിടത്തിന്റെതാണെന്നോ എന്ന് മുതലുള്ള കുടിശ്ശികയാണെന്നോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. എഴുതി തള്ളിയ തുക എന്ത് അടിസ്ഥാനത്തിലാണ് എഴുതി തള്ളിയത് എന്നും വ്യക്തമാക്കിയിട്ടില്ല.

ഇത് കൂടാതെ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 9 മുറികളുള്ള ഫിഷ് മാർക്കറ്റ് ഉൾപ്പെടുന്ന ഷോപ്പിംഗ് കോംപ്ലക്സ്, 10 മുറികളുള്ള കുടുംബശ്രീ ഷോപ്പിംഗ് കോംപ്ലക്സ് എന്നീ രണ്ട് ഷോപ്പിംഗ് കോംപ്ലക്സുകളുടെ അറ്റകുറ്റപണി പൂർത്തിയായിട്ടുണ്ട്. എന്നാൽ ഓഡിറ്റ് പിരീഡ് വരെ ഇവ ലേലം ചെയ്ത് വാടകയ്ക്ക് നൽകിയിട്ടില്ല. 2022-23 ൽ പൂർത്തിയായ ഈ വാടക കെട്ടിടങ്ങളുടെ വാടക വാല്യേഷൻ ചെയ്യുന്നതിനായി ഒക്ടോബർ 2023 മാസം എൽ.എസ്.ജി.ഡി, അസിസ്റ്റന്റ് എഞ്ചിനിയർക്ക് പഞ്ചായത്ത് കത്ത് നൽകിയെങ്കിലും കെട്ടിടത്തിന്റെ ഏജ് സർട്ടിഫിക്കറ്റിനായി ഇത് പഞ്ചായത്തിലേക്ക് തിരിച്ചയയ്ക്കുകയാണുണ്ടായത്. നാളിതുവരെയും ഏജ് സർട്ടിഫിക്കറ്റ് സെക്രട്ടറി നൽകിയിട്ടില്ല എന്നും ഇതിനാൽ വാല്യേഷൻ നൽകാൻ സാധിച്ചിട്ടില്ല എന്നുമാണ് സാങ്കേതിക വിഭാഗം അറിയിച്ചിരിക്കുന്നത്.

അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും വാടക കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതുമാണ്. കൂടാതെ അറ്റകുറ്റപണി പൂർത്തിയായ വാടക കെട്ടിടങ്ങളുടെ വാല്യേഷൻ അടിയന്തിരമായി ലഭ്യമാക്കി മുറികൾ ലേലം ചെയ്ത് വിശദവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹരെ യഥാസമയം ഒഴിവാക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്ന ഗുണഭോക്താവ് മരണപ്പെടുമ്പോൾ പെൻഷൻ സമയബന്ധിതമായി സസ്പെന്റ് ചെയ്യാതെ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അനർഹമായി പെൻഷൻ അനുവദിക്കുന്നത് മൂലം സർക്കാരിന് ലക്ഷങ്ങൾ സാമ്പത്തിക നഷ്ടം സംഭവിച്ചുവരുന്നു. ഈ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുന്ന പെൻഷണറുടെ പെൻഷൻ പോലും അതാത് സമയം സസ്പെന്റ് ചെയ്യാതെ അനർഹമായി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ലഭ്യമാവുന്ന സാഹചര്യമാണുള്ളത്.

ഇപ്രകാരം ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് പെൻഷൻ കൈപ്പറ്റുന്ന പെൻഷൻ ഗുണഭോക്താക്കളിൽ മരണപ്പെട്ടതോ/അനർഹരായതോ ആയ 56 പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ സമയബന്ധിതമായി സസ്പെന്റ് ചെയ്യാത്തതിനാൽ ടി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് അധികമായി അനുവദിച്ച പെൻഷൻ തുക തിരിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിന്റെ Account No-001101023000269 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനായി അതാത് പെൻഷൻ അക്കൗണ്ടുള്ള ബാങ്കുകൾക്ക് 2022-23 വർഷം പഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം അധികം അനുവദിച്ച തുക പെൻഷൻ ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തതായ വിവരം ബാങ്ക് പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല. ഇതിനാൽ ഈ തുക മുഴുവൻ തിരിച്ചടച്ചോയെന്ന വിവരം പഞ്ചായത്തിന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. കൂടാതെ തിരിച്ച് അടയ്ക്കപ്പെടുന്ന തുക സേവന പെൻഷൻ സൈറ്റിൽ ലഭ്യമാവുന്നുമില്ല. ഇതിനാൽ ബാങ്കുകൾക്ക് തുക തിരിച്ച് പിടിക്കാൻ കത്ത് നൽകിയാലും തുക മുഴുവൻ തിരിച്ചടവാക്കി എന്ന് ബാങ്കിൽ നിന്നും റിപ്പോർട്ട് വാങ്ങി തുക തിരിച്ചടവാക്കി എന്ന് ഉറപ്പ് വരുത്തേണ്ട ബാധ്യത സെക്രട്ടറിയുടേതാണ്. എന്നാൽ സെക്രട്ടറി ഇത് ചെയ്തിട്ടില്ല.

പഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ പ്രകാരം 2022-23 വർഷം 186 മരണങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഇതിൽ എത്ര സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ ഉണ്ട് എന്ന് പഞ്ചായത്ത് പരിശോധിക്കുകയോ മരണപ്പെട്ട മുഴുവൻ പെൻഷൻ ഗുണഭോക്താക്കളുടെയും പെൻഷൻ സസ്പെന്റ് ചെയ്യുകയോ ചെയ്തിട്ടില്ല. നാളിതുവരെ ഇതുമായി ബന്ധപ്പെട്ട സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല. പെൻഷൻ സസ്പെന്റ് ചെയ്യാനായി മരണപ്പെട്ടവരുടെ ബന്ധുക്കൾ പഞ്ചായത്തിൽ സമർപ്പിച്ച (മേൽ പരാമർശിച്ച 56 പേരുടെ), പെൻഷൻ നേരിട്ട് ബാങ്കിലേക്ക് വരുന്നവരുടെ പെൻഷനുകൾ മാത്രമാണ് പഞ്ചായത്ത് സസ്പെന്റ് ചെയ്ത് അധികം നൽകിയ തുക തിരിച്ചടവാക്കാൻ ബാങ്കിന് കത്ത് നൽകിയിട്ടുള്ളത്. അപേക്ഷ നൽകാത്ത അനർഹരായ പെൻഷൻ ഗുണഭോക്താക്കളുണ്ടോ എന്ന് പഞ്ചായത്ത് പരിശോധിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) നം .97/2020/ധന തീ. 23-09-2020 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നിരിക്കെ നാളിതുവരെ ഈ ഉത്തരവ് പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.

കൂടാതെ സംസ്ഥാന ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച 63/2021/ധന Dtd 02-08-2021 നമ്പർ സർക്കുലർ പ്രകാരം മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണം രജിസ്റ്റർ ചെയ്യപ്പെടുന്നതും എന്നാൽ ഈ പഞ്ചായത്തിൽ സ്ഥിര താമസമായവരുമായവരുടെ മരണ വിവരം മരണം രജിസ്റ്റർ ചെയ്ത തദ്ദേശ സ്വയംഭരണ സ്ഥാപനം ഈ പഞ്ചായത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ഒരു മരണ വിവരവും ഇവിടെ ലഭ്യമായിട്ടില്ല.

നിലവിൽ സേവന പെൻഷൻ സൈറ്റിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ആകെ 778 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ മസ്റ്ററിംഗ് പൂർത്തിയാക്കാൻ അവശേഷിക്കുന്നുണ്ട്. നാളിതുവരെ മുഴുവൻ പെൻഷൻ ഗുണഭോക്താക്കളുടെയും മസ്റ്ററിംഗ് നടപടികൾ പൂർത്തിയാവാത്ത സാഹചര്യത്തിൽ

പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന മുഴുവനാളുകളുടെയും ലിസ്റ്റ് അങ്കണവാടി/ആശാവർക്കർമാരെ കൊണ്ടും പെൻഷൻ അന്വേഷണ ചുമതലയുള്ള ഉദ്യോഗസ്ഥരെ കൊണ്ടും മറ്റ് ലഭ്യമായ മാർഗ്ഗങ്ങളിലൂടെയും വിശദമായ പരിശോധന നടത്തി നിലവിൽ പെൻഷൻ സസ്പെന്റ് ചെയ്യാത്ത അനർഹരായ മുഴുവൻ ആളുകളുടെയും പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതും അധികമായി കൈപ്പറ്റിയ തുക ഈടാക്കി മേൽ പരാമർശിച്ച പെൻഷൻ അക്കൗണ്ടിൽ അടവാക്കി എന്ന് ഉറപ്പ് വരുത്തി വിശദവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-14 പ്രവർത്തനക്ഷമമല്ലാത്ത തെരുവു ടാപ്പുകൾക്ക് വെള്ളക്കരം അടവാക്കി

2022-23 സാമ്പത്തിക വർഷം വാട്ടർ അതോറിറ്റി ലഭ്യമാക്കിയ ഡിമാന്റ് നോട്ടീസിനെ അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്ത് 2,37,691/- രൂപ വെള്ളക്കരം അടവാക്കിയിട്ടുണ്ട്. ടാപ്പൊന്നിന് 5788/- രൂപ വാർഷിക നിരക്കിൽ 70 ടാപ്പുകൾക്കായി പ്രതിമാസം 33,763/- രൂപയാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുള്ളത്. അത് പ്രകാരം 2022 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിലെ വെള്ളക്കരമായി 2,36,341/- രൂപയും മെയ്, ജൂൺ മാസങ്ങളിലെ വെള്ളക്കരം അടവാക്കാൻ താമസിച്ചതിനുള്ള പിഴയായി 1,350/- രൂപയുമടക്കമാണ് മേൽ പറഞ്ഞ 2,37,691/- രൂപ അടവാക്കിയിട്ടുള്ളത്. 2022 ഒക്ടോബറിന് ശേഷം വെള്ളക്കരം അടവാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി തീർച്ചപ്പെടുത്തുകയോ ആകെ ടാപ്പുകളുടെ എണ്ണവും അവ സ്ഥിതി ചെയ്യുന്ന സ്ഥലവും രേഖപ്പെടുത്തിയിട്ടുള്ള സ്ട്രീറ്റ് ടാപ്പ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ഡിമാന്റ് നോട്ടിസിനെ മാത്രം അടിസ്ഥാനമാക്കിയാണ് പ്രതിമാസ വെള്ളക്കരം അടവാക്കിയിട്ടുള്ളത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 23.12.2021 ലെ 38/21 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാർഡ് മെമ്പർമാർ മുഖേന ഓരോ വാർഡിലെയും പ്രവർത്തനക്ഷമമായ ടാപ്പുകളുടെ കണക്കെടുത്തിരുന്നു. മെമ്പർമാർ നൽകിയ റിപ്പോർട്ടുകൾ പ്രകാരം വെള്ളക്കരം ഡിമാന്റ് ചെയ്ത് വരുന്ന ആകെ 70 ടാപ്പുകളിൽ ഒന്നാം വാർഡിൽ ഉള്ള രണ്ട് ടാപ്പുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തിൽ പ്രവർത്തനക്ഷമമായിട്ടുണ്ടായിരുന്നത്. അവ പോലും ഭാഗികമായി മാത്രമേ പ്രവർത്തിക്കുന്നുള്ളുവെന്നാണ് ബന്ധപ്പെട്ട മെമ്പർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താതെ വെള്ളക്കരം അടവാക്കുന്നത് മൂലം ഗ്രാമപഞ്ചായത്തിന് വലിയ സാമ്പത്തിക നഷ്ടമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്നും, കൂടുതലായി അടവാക്കിയ വെള്ളക്കരം കണക്കാക്കി ആയത് തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്താത്തത് മൂലം സാമ്പത്തിക നഷ്ടം തുടരുന്നപക്ഷം ആയത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ബാധ്യതയായി നിജപ്പെടുത്തുന്നതാണെന്നും ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട് (2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-30 കാണുക).

എന്നാൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം തീർച്ചപ്പെടുത്തുന്നതിനോ, കൂടുതലായി അടവാക്കിയ വെള്ളക്കരം കണക്കാക്കി ആയത് തിരികെ ലഭ്യമാക്കുന്നതിനോ ആവശ്യമായ നടപടികളൊന്നും ഗ്രാമപഞ്ചായത്ത് നാളിതുവരെ സ്വീകരിച്ചിട്ടില്ല. 2022 ഒക്ടോബർ മാസത്തിന് ശേഷം വെള്ളക്കരം അടവാക്കിയിട്ടില്ലെങ്കിലും ആയത് പ്രവർത്തനക്ഷമമായ ടാപ്പുകൾ ഇല്ല എന്ന് തീർച്ചപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണോ അതോ നാളിതുവരെ അധികമായി അടവാക്കിയ വെള്ളക്കരം അഡ്ജസ്റ്റ് ചെയ്യുന്നതിനു വേണ്ടിയാണോ എന്ന് വ്യക്തമല്ല. 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പാലിക്കാത്തതിനും, ഗ്രാമപഞ്ചായത്തിൽ പ്രവർത്തനക്ഷമമായ രണ്ട് പൊതുടാപ്പുകൾ മാത്രമാണുള്ളതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 23.12.2021 ലെ 38/21 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ

കണ്ടെത്തിയിട്ടും 2022-23 സാമ്പത്തിക വർഷവും 70 ടാപ്പുകൾക്കായി വൻതുക വെള്ളക്കരമായി അടവാക്കിയതിനും, വെള്ളക്കരത്തിനുള്ള പിഴയായി 1,350/- രൂപ അടവാക്കേണ്ടി വന്നതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04/2022-23 തീയതി 06.11.2023) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 2022-23 സാമ്പത്തിക വർഷം വെള്ളക്കരമായി അടവാക്കിയ 2,37,691/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, കൂടുതലായി അടവാക്കിയ വെള്ളക്കരം കണക്കാക്കി ആയത് വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. കൂടാതെ 2022 നവംബർ മാസം മുതൽ വെള്ളക്കരം അടവാക്കാത്തതിന്റെ അടിസ്ഥാനവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 നിയമോപദേശത്തിന് അനുവദനീയമായതിനേക്കാൾ കൂടുതൽ പ്രതിഫലം നൽകി

ഗ്രാമപഞ്ചായത്തിന്റെ ഭരണപരമായ കാര്യങ്ങളിൽ രേഖകൾ പരിശോധിച്ച് നിയമോപദേശം നൽകുന്നതിന് 2003 ലെ കേരള പഞ്ചായത്ത്‌രാജ് (കേസുകളുടെ നടത്തിപ്പും നിയമോപദേഷ്ടാക്കൾക്ക് ഫീസ് നൽകലും) ചട്ടങ്ങളിലെ ചട്ടം5(iii) പ്രകാരം 500/- രൂപയിൽ കവിയാതെയുള്ള ഫീസ് നൽകുന്നതിനേ അനുമതിയുള്ളൂ. എന്നാൽ തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് നിയമോപദേശത്തിനായി 2022-23 സാമ്പത്തിക വർഷം ചട്ടപ്രകാരം അനുവദനീയമായതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വിഷയം | നിയമോപദേശകൻ | നൽകിയ തുക/ വൗച്ചർ നം. |
|---|---|---|---|
| 1 | സബ്ബ് സെന്റർ നിർമ്മാണത്തിന് സൗജന്യമായി ലഭ്യമാവുന്ന സ്ഥലം സംബന്ധിച്ച് | അഡ്വ. സന്തോഷ്.എ, അഡീഷണൽ ഗവ. പ്ലീഡർ, വടകര | 2,000/-(22200036 /21.04.22) |
| 2 | വാർഡ് 7 ലെ മൈലിക്കണ്ടി അങ്കണവാടിയുടെ സ്ഥലം സംബന്ധിച്ച് | അഡ്വ. വി.പി രാഹുലൻ, അഡീഷണൽ ഗവർമ്മെണ്ട് പ്ലീഡർ, വടകര | 2,000/-(22201063/ 29.03.23) |
| ആകെ | | | 4,000/- |

നിയമോപദേശത്തിനായി ചട്ടത്തിൽ നിർദ്ദേശിച്ചതിനേക്കാൾ കൂടുതൽ തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/2022-23 തീയതി 06.11.2023) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ രണ്ട് സംഗതികളിലായി അധികം നൽകിയ തുകയായ 3,000/- രൂപ (2 X 1,500) ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും ചട്ടപ്രകാരം അനുവദനീയമായ തുകകൾ മാത്രമാണ് നിയമോപദേശത്തിനായി നൽകുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-16 ന്യൂട്രിമിക്സ് വിതരണം - സ്രോതസ്സിൽ നിന്ന് നികുതി കുറവ് ചെയ്തില്ല

സാധനങ്ങളുടെയോ സേവനങ്ങളുടേയോ, ഇവ രണ്ടിന്റേയുമോ വിതരണത്തിന്റെ ആകെ മൂല്യം രണ്ടര ലക്ഷത്തിൽ അധികരിക്കുന്നപക്ഷം വിതരണക്കാരന് നൽകുന്ന തുകയിൽ നിന്ന് സ്രോതസ്സിൽ നിന്നുള്ള നികുതിയായി (സി.ജി.എസ്.ടി) ഒരു ശതമാനം തുക കുറവ് ചെയ്യേണ്ടതാണെന്ന് 2017 ലെ കേന്ദ്ര ചരക്ക സേവന നികുതി നിയമത്തിലെ വകുപ്പ് 51(1) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2017 ലെ കേരള സംസ്ഥാന ചരക്ക

സേവന നികുതി നിയമത്തിലെ വകുപ്പ് 51(1) ലും ഒരു ശതമാനം എസ്.ജി.എസ്.ടി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്യുന്നത് സംബന്ധിച്ച് സമാനമായ നിർദ്ദേശമുണ്ട്. അതു പ്രകാരം വിതരണത്തിന്റെ ആകെമൂല്യം രണ്ടര ലക്ഷത്തിൽ അധികരിക്കുന്ന സംഗതികളിൽ സി.ജി.എസ്.ടി, എസ്.ജി.എസ്.ടി എന്നീ ഇനങ്ങളിലായി ആകെ രണ്ട് ശതമാനം നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി അനുപൂരക പോഷകാഹാരം (05/22-23) എന്ന പ്രൊജക്ടിൽ ഉൾപ്പെടുത്തി "ടേക്ക് ഹോം റേഷൻ" വിതരണത്തിനായി സമ്പൂർണ്ണ ഫുഡ് പ്രൊഡക്ട്സ്, ചെമ്മരത്തൂർ എന്ന സ്ഥാപനത്തിൽ നിന്ന് താഴെ ചേർക്കും പ്രകാരം 13,53,187/- രൂപയുടെ അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഇൻവോയ്സ് നം./തീയതി | അനുവദിച്ച തുക(5% ജി.എസ്.ടി ഉൾപ്പെടാതെ) | സ്രോതസ്സിൽ നിന്ന് കുറവു ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി |
|---|---|---|---|
| 1 | 269/26.04.2022 | 152381 | 3048 |
| 2 | 275/23.07.2022 | 175297 | 3506 |
| 3 | 283/27.08.2022 | 187346 | 3747 |
| 4 | 293/18.10.2022 | 169341 | 3387 |
| 5 | 07/14.12..2022 | 192071 | 3841 |
| 6 | 13/25.01.2023 | 175533 | 3511 |
| 7 | 18/24.02.2023 | 167737 | 3355 |
| 8 | 23/24.03.2023 | 133481 | 2670 |
| ആകെ | | 1353187 | 27065 |

2.5% സി.ജി.എസ്.ടി യും, 2.5% എസ്.ജി.എസ്.ടി യും ഉൾപ്പെടെയുള്ള ബില്ലുകളാണ് സ്ഥാപനം സമർപ്പിച്ചിട്ടുള്ളത്. വിവിധ തീയതികളിലായി സമർപ്പിച്ചിട്ടുള്ള ബില്ലുകളെല്ലാം രണ്ടര ലക്ഷം രൂപയ്ക്ക് താഴെ മൂല്യമുള്ളതാണെങ്കിലും സാമ്പത്തിക വർഷം സ്ഥാപനം വിതരണം ചെയ്ത ന്യൂട്രിമിക്സിന്റെ ആകെ മൂല്യം രണ്ടര ലക്ഷം രൂപയിൽ അധികരിക്കുന്നുണ്ട്. ആദ്യ രണ്ട് ബില്ലുകളുടെ സംയോജിത മൂല്യം തന്നെ രണ്ടര ലക്ഷം രൂപയ്ക്ക് മുകളിലാണെന്ന് കാണാവുന്നതാണ്. മേൽ സാഹചര്യത്തിൽ തുക നല്കുമ്പോൾ സ്രോതസ്സിൽ നിന്നുള്ള നികുതിയായി ജി.എസ്.റ്റി ഒഴിവാക്കിയുള്ള ബിൽ തുകയുടെ 2% കുറവ് ചെയ്ത് സർക്കാരിലേക്ക് അടവാക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം സ്രോതസ്സിൽ നിന്ന് നികുതി കുറവു ചെയ്യാതെ വിതരണ സ്ഥാപനത്തിന് ബിൽ മുഴുവൻ പ്രകാരമുള്ള തുകയും അനുവദിച്ചിട്ടുണ്ട്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 03/2022-23 തീയതി 06.11.2023) മറുപടി ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും വിതരണത്തിന്റെ ആകെമൂല്യം രണ്ടര ലക്ഷത്തിൽ അധികരിക്കുന്ന സംഗതികളിൽ നിയമപ്രകാരമുള്ള നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് സർക്കാരിലേക്ക് അടവാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-17 റിങ്ങ് കമ്പോസ്റ്റ് വിതരണത്തിലെ അപാകതകൾ

തിരുവല്ലൂർ ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന പ്രൊജക്ടുകളിലായി റിംഗ് കമ്പോസ്റ്റിംഗ് യൂണിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് | വിതരണം ചെയ്ത യൂണിറ്റുകൾ |
|---|---|---|
| 1 | 02/22-23 (റിംഗ് കമ്പോസ്റ്റ്) | 530 |
| 2 | SO 27/22-23 (റിംഗ് കമ്പോസ്റ്റ്) | 222 |
| ആകെ | | 752 |

തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയും പ്രൊജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ എന്നിവ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 14.02.2018 ലെ ജി.ഒ.(എം.എസ്) 22/2018/ തസ്വഭവ നമ്പർ ഉത്തരവിലും (പതിമൂന്നാം പഞ്ചവത്സര പദ്ധതി), 28.05.2022 ലെ (കൈ)115/2022/ തസ്വഭവ നമ്പർ ഉത്തരവിലും (പതിനാലാം പഞ്ചവത്സര പദ്ധതി) ഗാർഹികതല ഖരമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ വിതരണത്തിൽ അഞ്ച് സെന്റോ അതിൽ കുറവോ ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് മുൻഗണന നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള മുൻഗണന നൽകിയല്ല മേൽ പ്രൊജക്ടുകളിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുള്ളത്. റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ ഗുണഭോക്താക്കൾ കൈപ്പറ്റിയത് സംബന്ധിച്ച് ഗുണഭോക്താക്കളുടെ സാക്ഷ്യപത്രം ഉണ്ടെങ്കിലും വിതരണം ചെയ്ത യൂണിറ്റുകൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്തി ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധിച്ച വിവരങ്ങളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ജൈവമാലിന്യ സംസ്കരണ ഉപാധികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള സേവനം നൽകുക എന്നുള്ളത് ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിലൊന്നാണെന്ന് 12.08.2020 ലെ ജി.ഒ (ആർ.ടി) 1496/2020/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിതരണം ചെയ്ത റിംഗ് കമ്പോസ്റ്റിംഗ് യൂണിറ്റുകളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനായി ഹരിതകർമ്മസേനയുടെ സേവനം ഉപയോഗപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/2022-23 തീയതി 07.11.2023) മറുപടി ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും ഗാർഹികതല ഖരമാലിന്യസംസ്കരണ സംവിധാനങ്ങളുടെ വിതരണത്തിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-18 കളക്ടേഴ്സ് അറ്റ് സ്കൂൾ - പ്രഖ്യാപിത ലക്ഷ്യത്തിന് വിരുദ്ധമായി പദ്ധതി നടപ്പാക്കി

| | |
|---|---|
| പ്രൊജക്ട് | 24/2022-23 (കളക്ടേഴ്സ് അറ്റ് സ്കൂൾ) |
| അടങ്കൽ | 99,900/- [ധനകാര്യ കമ്മീഷൻ ഗ്രാന്റ്] |
| ചെലവ് | 93,840/- [സാംഖ്യ ബിൽ നം. 128/22-23 തീയതി 08.08.2022 |

തിരുവല്ലൂർ ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ കളക്ടേഴ്സ് അറ്റ് സ്കൂൾ എന്ന പേരിൽ അജൈവ മാലിന്യശേഖരണ ബിന്നുകൾ സ്ഥാപിക്കുന്നതിനായി 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലായി ആകെ 1,15,840/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 22,000/- രൂപ ബിന്നുകൾ വിതരണം ചെയ്ത സ്ഥാപനത്തിന് 2021-22 സാമ്പത്തിക വർഷം 128/21-22 നമ്പർ പ്രൊജക്ട് പ്രകാരം അഡ്വാൻസായി നൽകിയ തുകയാണ്. ശേഷിക്കുന്ന തുകയായ 93,840/- രൂപയാണ് 2022-23 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുള്ളത്. പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) സ്കൂളുകളിൽ സ്ഥാപിക്കുന്നതിനുള്ള ബിന്നുകൾ വിതരണം ചെയ്യുന്നതിനായി സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, പെരുവയൽ എന്ന സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഒരു ബിന്നിന് 5,100/- രൂപയാണ് സ്ഥാപനം ഈടാക്കിയിട്ടുള്ള നിരക്ക് എന്നാണ്

നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. ടെണ്ടർ നടപടികൾ കൂടാതെയാണ് ബിൻ വിതരണത്തിനായി സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുള്ളത്. കളക്ടേഴ്സ് അറ്റ് സ്കൂൾ പദ്ധതി പ്രകാരമുള്ള ബിന്നുകൾ വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുത്തു കൊണ്ടുള്ള ശുചിത്വമിഷന്റെ ഉത്തരവും, ടെണ്ടർ നടപടികൾ കൂടാതെ സ്ഥാപനത്തിൽ നിന്ന് ബിന്നുകൾ വാങ്ങുന്നതിനുള്ള സർക്കാർ അനുമതിയും, വിതരണസ്ഥാപനവുമായി ചമച്ച കരാറും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) 5,100/- രൂപ നിരക്കിൽ 23 ബിന്നുകൾക്കായി 1,17,300/- രൂപയാണ് വിതരണ സ്ഥാപനത്തിന് നൽകേണ്ടത്. എന്നാൽ രണ്ട് തവണയായി ആകെ 1,15,840/- രൂപയാണ് സ്ഥാപനത്തിന് യഥാർത്ഥത്തിൽ നൽകിയിട്ടുള്ളത്. തുക വ്യത്യാസപ്പെട്ടതിന്റെ അടിസ്ഥാനം വ്യക്തമല്ല.

3) സ്കൂളുകളിൽ സ്ഥാപിക്കേണ്ട ബിൻ അഥവാ മിനി മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റിയുടെ മാതൃക ശുചിത്വമിഷൻ തയ്യാറാക്കി നൽകുന്നതാണെന്ന് കളക്ടേഴ്സ് അറ്റ് സ്കൂൾ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലാ ശുചിത്വമിഷൻ കോ-ഓർഡിനേറ്റർ 15.10.2019 ലെ ഡി.എസ്.എം/കെ.കെ.ഡി/15/2019 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ അറിയിച്ചിട്ടുള്ളതാണ്. ശുചിത്വമിഷൻ സ്പെസിഫിക്കേഷൻ പ്രകാരമാണോ വിതരണ സ്ഥാപനം ബിന്നുകൾ തയ്യാറാക്കിയിരിക്കുന്നത് എന്ന് വ്യക്തമല്ല.

4) തദ്ദേശ സ്ഥാപനത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് പരിശോധനയോ മൂല്യനിർണ്ണയമോ നടത്താതെയാണ് വിതരണ സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത്.

5) 23 ബിന്നുകൾക്കുള്ള തുക വിതരണസ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും ആയത് സ്ഥാപിച്ചത് സംബന്ധിച്ച് ബന്ധപ്പെട്ട സ്കൂളുകളിൽ നിന്നുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അതുമൂലം ഏതൊക്കെ സ്കൂളുകളിലാണ് ബിന്നുകൾ സ്ഥാപിച്ചിട്ടുള്ളത് എന്നും, എല്ലാ ബിന്നുകളും യഥാർത്ഥത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ എന്നും ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

6) മാലിന്യം വേർതിരിച്ച് കൈമാറുന്നതിനുള്ള ശീലം വിദ്യാർത്ഥികളിൽ രൂപപ്പെടുത്തുന്നതിനും അതിലൂടെ വസ്തുക്കളുടെ പരമാവധി പുനരുപയോഗവും പുന:ചംക്രമണവും സാധ്യമാക്കി പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കുന്ന ശുചിത്വ ശീലങ്ങൾ വിദ്യാർത്ഥികളിലൂടെ വീടിനും നാടിനും സമൂഹത്തിനും പകർന്നു കൊടുക്കുക എന്നതാണ് കളക്ടേഴ്സ് അറ്റ് സ്കൂൾ പദ്ധതിയുടെ ലക്ഷ്യമെന്നാണ് ശുചിത്വമിഷൻ വ്യക്തമാക്കിയിട്ടുള്ളത്. അത് പ്രകാരം സ്കൂളുകളിൽ 4 ഇന അജൈവ വസ്തുക്കൾ - പെറ്റ് ബോട്ടിൽ/ഹാർഡ് ബോട്ടിൽ/പാൽ കവർ/പേപ്പർ- എന്നിവ സംഭിരക്കുന്നതിനായി വെവ്വേറെ ബിന്നുകളാണ് സ്ഥാപിക്കേണ്ടത് (ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്ററുടെ 15.10.2019 ലെ ഡി.എസ്.എം/കെ.കെ.ഡി /15/2019 നമ്പർ കത്തും അനുബന്ധ കുറിപ്പും). അത് പ്രകാരം ഒരോ സ്കൂളിലും 4 ബിൻ വീതമാണ് സ്ഥാപിക്കേണ്ടത്. എന്നാൽ ആയതിന് പകരം 21 സ്കൂളുകളിൽ ഓരോ ബിൻ വീതവും, 1 സ്കൂളിൽ മാത്രം രണ്ട് ബിന്നുമാണ് നൽകിയിട്ടുള്ളതെന്നാണ് നിർവ്വഹണോദ്യാഗസ്ഥൻ അറിയിച്ചിട്ടുള്ളത്. ഓഡിറ്റിന്റെ ഭാഗമായി 07.11.2023 ന് തിരുവള്ളൂർ ശാന്തിനികേതൻ ഹൈസ്കൂൾ, തിരുവള്ളൂർ ജി.എം.യു.പി സ്കൂൾ, തിരുവള്ളൂർ നോർത്ത് എൽ.പി സ്കൂൾ, തോടന്നൂർ എം.എൽ.പി സ്കൂൾ എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബിന്നുകൾ നേരിൽ പരിശോധിക്കുകയുണ്ടായി. ഇവിടങ്ങളിലെല്ലാം തന്നെ എല്ലാവിധ അജൈവ മാലിന്യങ്ങളും വേർതിരിക്കാതെ ഒറ്റ ബിന്നിൽ നിക്ഷേപിച്ചിട്ടുള്ളതായാണ് കാണാൻ കഴിഞ്ഞത്. 4 ബിന്നുകൾക്ക് പകരം ഒറ്റ ബിൻ മാത്രം നൽകി എല്ലാ മാലിന്യങ്ങളും അതിൽ തന്നെ നിക്ഷേപിക്കാൻ ഇടയാക്കുന്നത് മാലിന്യം വേർതിരിച്ച് കൈമാറുന്നതിനുള്ള ശീലം വിദ്യാർത്ഥികളിൽ രൂപപ്പെടുത്തുക എന്ന പ്രഖ്യാപിത ലക്ഷ്യത്തിന് വിരുദ്ധമാണ്. പ്രഖ്യാപിത ലക്ഷ്യത്തിന് വിരുദ്ധമായി പദ്ധതി നടപ്പാക്കിയത് ഗുരുതരമായ വീഴ്ചയാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/2022-23 തീയതി 07.11.2023) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രൊജക്റ്റുമായി ബന്ധപ്പെട്ട് ചെലവ്

ചെയ്ത തുകയായ 93,840/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ആവശ്യപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

### 1-19 ശൗചാലയ നിർമ്മാണത്തിന് ധനസഹായം - അപേക്ഷകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രൊജക്റ്റ് | 57/2022-23 (ശൗചാലയ നിർമ്മാണം) |
| അടങ്കൽ | 2,77,200/-<br>[61,200 - ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>2,25,000 – കേന്ദ്രാവിഷ്കൃത ഫണ്ട്] |
| ചെലവ് | 61,200/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>[സാംഖ്യ ബിൽ നം. 276/22-23 തീയതി 25.03.2023] |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്റ്റ് പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ ശൗചാലയ നിർമ്മാണത്തിനുള്ള ധനസഹായമായി താഴെ പറയുന്ന നാല് ഗുണഭോക്താക്കൾക്ക് 15,300/- രൂപ വീതം അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവ് | വാർഡ് നം |
|---|---|---|
| 1 | നാരായണി കയ്യനക്കണ്ടി | 3 |
| 2 | സുനിത ചെറിയമീറന്തൊടി | 9 |
| 3 | ജാനു വടക്കയിൽ | 9 |
| 4 | നിജിഷ എ.കെ, തറമ്മൽ | 6 |

പ്രൊജക്റ്റുമായി ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റും സാംഖ്യ ബില്ലുകളും മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. അപേക്ഷകളും അനുബന്ധരേഖകളും ലഭ്യമാക്കാത്തതിനാൽ ഗുണഭോക്താക്കൾ ധനസഹായം ലഭിക്കുന്നതിന് അർഹരാണോ എന്നും അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തന്നെയാണോ ധനസഹായം കൈമാറിയിരിക്കുന്നത് എന്നും പരിശോധിച്ച് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. ആയത് ഉറപ്പ് വരുത്തുന്നതിനായി ബന്ധപ്പെട്ട അപേക്ഷകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/2022-23 തീയതി 07.11.2023) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 61,200/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-20 ലൈഫ് ഗുണഭോക്താക്കൾക്കുള്ള ധനസഹായം - രജിസ്റ്ററുകൾ കാലികമാക്കിയില്ല

ലൈഫ് പദ്ധതി പ്രകാരമുള്ള ധനസഹായത്തിന്റെ ആദ്യഗഡു ഗുണഭോക്താവ് തദ്ദേശ സ്ഥാപനവുമായി കരാർ വയ്ക്കുന്ന മുറയ്ക്ക് മുൻകൂറായും, തുടർന്നുള്ള ഗഡുക്കൾ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളുടെ പൂർത്തീകരണത്തിനുസൃതമായുമാണ് നൽകുന്നത്. തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ വിവധ ലൈഫ് ഗുണഭോക്തൃപട്ടികകളിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്റ്റുകളിൽ ഉൾപ്പെടുത്തി 2022-23 സാമ്പത്തിക വർഷം ആകെ 73,68,393/-രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | പ്രൊജക്റ്റ് | അനുവദിച്ച ആകെ ധനസഹായം |
|---|---|---|
| 1 | SO 25/22-23 | 12,62,328/- |

| | | |
|---|---|---|
| | ( ലൈഫ് ഭവനപദ്ധതി വീടും സ്ഥലവും നൽകലും വായ്പാ തിരിച്ചടവും) | |
| 2 | 91/22-23<br>( ലൈഫ് ഭവനം വീട് നിർമ്മാണവും സ്ഥലം വാങ്ങലും) | 54,27,714/- |
| 3 | 98/22-23<br>( ലൈഫ് ഭവനം എസ്.സി വീട് നിർമ്മാണവും സ്ഥലം വാങ്ങലും) | 6,78,351/- |
| ആകെ | | 73,68,393/- |

ഗുണഭോക്താക്കൾക്ക് ധനസഹായത്തിന്റെ ഓരോ ഗഡു അനുവദിക്കുമ്പോഴും ആയത് സംബന്ധിച്ച വിശദവിവരങ്ങൾ ലൈഫ് ഭവനനിർമ്മാണ രജിസ്റ്ററിൽ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്കായി നീക്കിവച്ചിട്ടുള്ള താളുകളിൽ നിർബന്ധമായും രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ധനസഹായ വിതരണം സംബന്ധിച്ച തുടർനിരീക്ഷണം സാധ്യമാവാതെ വരുന്നതാണ്. കൂടാതെ തുക നൽകുന്നതിൽ ഇരട്ടിപ്പുണ്ടാകുന്നത് പോലുള്ള ഗുരുതര അപാകതകളും ഇതുമൂലം വന്നുചേരാൻ സാധ്യതയുണ്ട്. എന്നാൽ മേൽ പ്രൊജക്ടുകളിൽ ധനസഹയം അനുവദിച്ചത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ ബന്ധപ്പെട്ട രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. പല ഗുണഭോക്താക്കൾക്കും 2023-24 സാമ്പത്തിക വർഷത്തിലും തുടർ ഗഡുക്കൾ അനുവദിച്ചിട്ടുണ്ടെങ്കിലും അവയും രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-21 ഹരിതകർമ്മസേന - അടിസ്ഥാന സൗകര്യങ്ങൾ അപര്യാപതം

തിരുവല്ലൂർ ഗ്രാമപഞ്ചായത്തിലെ കോട്ടപ്പള്ളിയിൽ വാടകയ്ക്കെടുത്തിട്ടുള്ള ഒരു പഴയ വീട്ടിലാണ് നിലവിൽ ഗ്രാമപഞ്ചായത്തിന്റെ മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) താൽക്കാലികമായി പ്രവർത്തിച്ചു വരുന്നത്. പ്രതിമാസം 9,000/- രൂപ വാടകയുള്ള പ്രസ്തുത കെട്ടിടത്തിൽ വളരെ പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് ഉള്ളത്. ഹരിതകർമ്മസേന ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ തരംതിരിക്കുന്നതിനോ, തരംതിരിച്ചവ സൂക്ഷിച്ച് വയ്ക്കുന്നതിനോ മതിയായ സൗകര്യങ്ങൾ അവിടെയില്ല. തരംതിരിച്ച തിരസ്കൃതമാലിന്യങ്ങൾ മഴ നനയുന്നതിനാൽ മാലിന്യം നീക്കം ചെയ്യുന്ന ഏജൻസികൾ അവ കയ്യേൽക്കുന്നതിന് വിമുഖത കാണിക്കുന്ന സാഹചര്യമാണുള്ളത്. കൂടാതെ മഴ നനയുന്നത് തിരസ്കൃത മാലിന്യത്തിന്റെ ഭാരം വർദ്ധിക്കുന്നതിനും അതുവഴി അവ നീക്കം ചെയ്യുന്നതിനായി കൂടുതൽ തുക നൽകേണ്ടി വരുന്നതിനും ഇടയാക്കുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ ഹരിതകർമ്മസേനയിൽ നിലവിൽ 21 അംഗങ്ങളുണ്ടെങ്കിലും നിലവിലുള്ള താൽക്കാലിക എം.സി.എഫിൽ ഒരു ശുചിമുറി പോലുമില്ല. ഗ്രാമപഞ്ചായത്തിൽ 20 വാർഡുകളുണ്ടെങ്കിലും വിവിധ വാർഡുകളിലായി ആകെ 6 മിനി എം.സി.എഫുകൾ മാത്രമാണ് ഉള്ളത്. ഇവ തന്നെ വളരെ ചെറുതായതിനാലും, നിർമ്മാണത്തിൽ അപാകതകളുള്ളതിനാലും പൂർണ്ണമായി ഉപയോഗക്ഷമമല്ല.

ഗ്രാമപഞ്ചായത്തിലെ 9,469 വീടുകളിൽ നിന്നും നിരവധി വ്യാപാര സ്ഥാപനങ്ങളിൽ നിന്നും

ഹരിതകർമ്മസേന വാതിൽപ്പടി മാലിന്യശേഖരണം നടത്തുന്നുണ്ടെങ്കിലും മാലിന്യനീക്കം, യൂസർഫീ പിരിവ് മുതലായവ നീരീക്ഷിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി "സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം" പോലുള്ള സംവിധാനങ്ങളൊന്നും ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. യൂസർഫീ നൽകാത്തവർക്കെതിരെ ഫലപ്രദമായ നടപടികളും നിലവിൽ സ്വീകരിച്ചു വരുന്നില്ല. ഹരിതകർമ്മസേനാംഗങ്ങൾക്ക് ആവശ്യമായ യൂണിഫോം, മറ്റ് സുരക്ഷാ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണെങ്കിലും ആയതിനായി പ്രൊജക്ടുകളൊന്നും ആവിഷ്കരിച്ച് നടപ്പിലാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ ആവശ്യമായ എല്ലാ സൗകര്യങ്ങളോടും കൂടിയ സ്ഥിരം എം.സി.എഫും, എല്ലാ വാർഡുകളിലും ഉപയോഗപ്രദമായ രീതിയിലുള്ള മിനി എം.സി.എഫുകളും സ്ഥാപിക്കുന്നതിനും, ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 തെരുവ് വിളക്കുകൾക്ക് AMC - അപാകതകൾ

പ്രൊജക്ട് നമ്പർ 119/22-23 (SO)

അടങ്കൽ 223200/-

ചെലവ് 222880/- (141200/- ധനകാര്യ കമ്മീഷൻ(108/19.12.2022

81680/- തനത് ഫണ്ട് 112/23.12.2022)

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

സെക്രട്ടറി സ്പിൽഓവറായി നിർവ്വഹണം നടത്തിയ മേൽ പദ്ധതി (2021-22 വർഷത്തെ 98/21-22) പ്രകാരം 2022-23 വർഷം 222880/- രൂപ എലൈറ്റ് ഇലക്ട്രോണിക്സിന് കൈമാറിയിട്ടുണ്ട്. 2021-22 വർഷം ടെണ്ടർ നടപടികൾ സ്വീകരിച്ച് 1.12.2021 ലെ 1/1 തീരുമാന പ്രകാരം എലൈറ്റ് ഇലക്ട്രോണിക്സ്, കണ്ണൂർ എന്ന സ്ഥാപനവുമായി 20.12.2021 ന് കരാർ ചമയ്ക്കുകയും ചെയ്തു.

01.02.2022 ലെ കമ്പനിയുടെ ടാക്സ് ഇൻവോയ്സ് പ്രകാരം 12% ജി.എസ്.ടി ഉൾപ്പെടെ 772,800/- രൂപ ആവശ്യപ്പെടുകയും 22.03.22 ലെ ബിൽ നമ്പർ 226 പ്രകാരം 548,800/- രൂപ ആദ്യം (2021-22 വർഷം) നൽകുകയും 2022-23 വർഷം ബാക്കി തുകയായി 222,880/- രൂപ കൂടി നൽകുകയും ചെയ്തു. ആകെ 771,680/- രൂപ നൽകിയിട്ടുമുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) എലൈറ്റ് ഇലക്ട്രോണിക്സ് എന്ന സ്ഥാപനം 23.11.21 ൽ സമർപ്പിച്ച ടെണ്ടറിൽ ക്വാട്ട് ചെയ്തത് നികുതി ഉൾപ്പെടെ 6,90,000/- രൂപയാണ്. 01.12.2021 ലെ ഭരണസമിതി തീരുമാനത്തിലും ടെണ്ടർ അംഗീകരിച്ചിരിക്കുന്നത് 6,90,000/- രൂപയാണ്. എന്നാൽ സ്ഥാപനത്തിന് ആകെ നൽകിയത് 771680/- രൂപയാണ്. 81,680/- രൂപ അധികം നൽകിയിട്ടുണ്ട്.

2) തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി യുടെ അനുവാദം വാങ്ങിയിട്ടില്ല.

3) റിപ്പയർ രജിസ്റ്റർ ഉണ്ടെങ്കിലും വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (07/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. അംഗീകരിച്ച ടെണ്ടറിലും ഉയർന്ന നിരക്ക് സ്ഥാപനത്തിന് നൽകിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്. അധികം നൽകിയ തുകയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-23 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധിക തുക നൽകി

പ്രൊജക്റ്റ് നമ്പർ - 72/23

അടങ്കൽ - 7,70,000/-

ചെലവ് - 7,70,000/-

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതി പ്രകാരം 2022-23 വർഷം പട്ടികജാതി വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന കോഴ്സുകൾക്ക് അനുസൃതമായി സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്. 7,70,000/-. സ്കോളർഷിപ്പ് ഇനത്തിൽ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ, B. Ed പഠിക്കുന്ന ശ്രേയ.എ.കെ എന്ന വിദ്യാർത്ഥിനിക്ക് 30,000/- രൂപ നൽകിയതായി കണ്ടു. ഡിഗ്രി കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അനുവദനീയമായത് 20,000/- രൂപ മാത്രമാണ്.

10,000/- രൂപ അധികം നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (09/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 10000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 മിൽക്ക് ഇൻസെന്റീവ്-44 ഗുണഭോക്താക്കൾക്ക് ഇൻസെന്റീവ് ലഭിച്ചില്ല

2022 -23 വർഷം ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കിയ മിൽക്ക് ഇൻസെന്റീവ് ഫോർ ഡയറി ഫാർമേഴ്സ് (പ്രൊജക്റ്റ് നമ്പർ 59/23), എന്ന പദ്ധതിയിൽ പാലിന് സബ്സിഡി ഇനത്തിൽ ആകെ 726,928 /-രൂപ വിതരണം ചെയ്തിട്ടുണ്ട്.

എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ, 44 ഗുണഭോക്താക്കൾക്കായി ലഭിക്കേണ്ട ആകെ 65,576/- രൂപ അവരുടെ അക്കൗണ്ടുകളിൽ ലഭിക്കാതെ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് പോയതായി നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. ഇത് രേഖാമൂലം ട്രഷറിയിൽ നിന്നും ഉറപ്പ് വരുത്തിയിട്ടില്ല. പ്രസ്തുത വിവരം ലഭ്യമാക്കേണ്ടതാണ്.

സർക്കാരിൽ നിന്നും തുക തിരികെ ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (24/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിലുണ്ടായ പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

## 1-25 ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിൽ പണം ലഭ്യമായില്ല - തനത് ഫണ്ടിൽ നിന്നും പണം നൽകി

പ്രോജക്ട് നമ്പർ 216/23

അടങ്കൽ 31,000/-

ചെലവ് 31,000/-( തനത് ഫണ്ട്)

വെറ്ററിനറി സർജൻ 2021-22 വർഷം നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ ഉൾപ്പെട്ട നാല് ഗുണഭോക്താക്കൾക്ക് അവരുടെ അക്കൗണ്ടുകളിലേക്ക് ഗുണഭോക്തൃ വിഹിതം ലഭിക്കാതെ സർക്കാർ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് പോയിട്ടുണ്ട്. പ്രസ്തുത വിവരം ട്രഷറി ഓഫീസർ മുഖേന ഉറപ്പാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഈ തുക നൽകുന്നതിന് വെറ്ററിനറി സർജൻ 2022-23 വർഷം ഈ പദ്ധതി നടപ്പിലാക്കിയത്.

ഗുണഭോക്താക്കളുടെ വിവരം ചുവടെ കൊടുക്കുന്നു.

1.ബിന്ദു -58/21 - കിടാരി വിതരണം -8000/-

2. ചാത്തു -58/21 - കിടാരി വിതരണം -8000/-

3. ആയിഷ -58/21 - കിടാരി വിതരണം -8000/-

4. സുരേഷ് കെ എം -72/21- അജഗ്രാമം -7000/-

ആകെ -31000/-

സർക്കാർ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് പോയ തുകകൾ തിരികെ ലഭ്യമാക്കാൻ വെറ്ററിനറി സർജൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-26 മണ്ണ് പരിശോധന ഫീസ് ഘടക രൂപകല്പന ഫീസ് എന്നിവ അടവാക്കൽ- അപാകതകൾ

പ്രോജക്ട് നമ്പർ - 33/22-23

അടങ്കൽ – 205256/-

ചെലവ് - 105256/-

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ടേക്ക് എ ബ്രേക്ക് പദ്ധതിക്ക് കെട്ടിടം നിർമ്മാണ പ്രവർത്തിക്കുവേണ്ടി കണ്ടെത്തിയ സ്ഥലത്ത് എസ്റ്റിമേറ്റ് പ്രകാരമുള്ള ഫൗണ്ടേഷൻ പ്രവൃത്തി നടത്തുന്നതിന് മുൻപ് ആവശ്യമായ മണ്ണ് പരിശോധനയ്ക്ക് വേണ്ടിയുള്ള ഫീസ് കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, എഞ്ചിനീയറിംഗ് വിഭാഗത്തിന് അടവാക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. 24-5-22 ലെ പത്താം നമ്പർ ബിൽ പ്രകാരം തുക അടവാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു

1.മണ്ണ് പരിശോധന റിപ്പോർട്ട് 5 -7-22 ൽ കൈപ്പറ്റി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

2. ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ച സ്ഥലത്ത് പൊതുജനങ്ങളുടെ എതിർപ്പ് കാരണം നിർമ്മാണങ്ങളൊന്നും ആരംഭിച്ചിട്ടില്ല. കണ്ടെത്തിയ സ്ഥലത്ത് ടേക്ക് എ ബ്രേക്ക് നിർമ്മാണത്തിന് പൊതുജനങ്ങളുടെ എതിർപ്പുണ്ടെന്ന് അറിഞ്ഞിട്ടും പ്രശ്നം പരിഹരിക്കാതെ, 1,05256/- രൂപ മണ്ണ് പരിശോധനയ്ക്കായി ചെലവഴിച്ചത് പാഴ്ചെലവായി മാറിയിരിക്കുന്നു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (20/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും ടേക്ക് എ ബ്രേക്ക് കെട്ടിടം അടിയന്തിരമായി പ്രാവർത്തികമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-27 തെരുവ് വിളക്കുകളുടെ എഎംസി- അധിക തുക അനുവദിച്ചത് - രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്ട് നമ്പർ 181/23

അടങ്കൽ 45312/-

ചെലവ് 45312/-

സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം തെരുവ് വിളക്കുകളുടെ എ.എം.സി അധിക തുകയായി 45312/- രൂപ ശ്രീ. ശ്രീലേഷ് എന്ന വ്യക്തിക്ക് 24.3.23 ലെ ബിൽ നമ്പർ 268 പ്രകാരം കൈമാറിയിട്ടുണ്ട്. 64 എണ്ണം 24W എൽ.ഇ.ഡി തെരുവ് വിളക്കുകളുടെ റിപ്പയറിംഗിനാണ് തുക കൈമാറിയത്. എലൈറ്റ് ഇലക്ട്രിക്കൽസിന്റെ ക്വട്ടേഷനിൽ ക്വോട്ട് ചെയ്ത 600/-രൂപ പ്രകാരം 64 എണ്ണത്തിന് 38400/- രൂപയായിരുന്നു നൽകേണ്ടിയിരുന്നത്. ഭരണസമിതിയും ഇതേ നിരക്കാണ് അംഗീകരിച്ചത്. എന്നാൽ 18% ജി.എസ്.ടി ഉൾപ്പെടെ സ്ഥാപനത്തിന്റെ 26-10-22 ലെ ഇൻവോയിസ് പ്രകാരം 45,312/- രൂപ ആവശ്യപ്പെടുകയും ആ തുക കൈമാറുകയുമാണ് ചെയ്തിരിക്കുന്നത്. 6912/-രൂപ

അധികം നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 6912/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

1-28 കുടുംബശ്രീ ബിൽഡിംഗ് വൈദ്യുതീകരണം അപാകതകൾ

പ്രോജക്ട് നമ്പർ - 217/23

അടങ്കൽ – 50,000/-

ചെലവ് - 50,000/-

നിർവഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

വൈദ്യുതീകരണ ജോലികൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതിയിലൂടെ പൂർത്തീകരിച്ച കുടുംബശ്രീ കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഫീസ് ഇനത്തിൽ വരുന്ന തുക ചെലവഴിക്കുന്നതിനാണ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി മേൽ പദ്ധതി നടപ്പിലാക്കിയത്.

കെ.എസ്.ഇ.ബി യുടെ ഡിമാൻഡ് നോട്ട് പ്രകാരം വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി 37,368/- രൂപ അടവാക്കുന്നതിനായി നിർദ്ദേശിക്കുകയും തുക 28-3-23ന് അടവാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഇലക്ട്രിക്കൽ വർക്കുകൾ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതിയിൽ പൂർത്തീകരിച്ചതായി മനസ്സിലാകുന്നു. എന്നാൽ ഈ പദ്ധതിയിൽ അനുബന്ധ പ്രവൃത്തികൾക്കായി ചെലവഴിച്ച 12632/-രൂപയുടെ പ്രവൃത്തികൾ മുൻ പദ്ധതിയിൽ ഉൾപ്പെട്ടിരുന്നോയെന്നത് സംബന്ധിച്ച് വ്യക്തതയില്ല.

2. വാടകയ്ക്ക് നൽകുന്നതിനായി നിർമ്മിച്ച കെട്ടിടം നാളിതുവരെയായി ലേലം ചെയ്ത് നൽകിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും കെട്ടിടം വാടകയ്ക്ക് നൽകുന്നതിനുള്ള തുടർ നടപടികൾ അടിയന്തിരമായി ചെയ്യേണ്ടതുമാണ്.

1-29 ചാമപ്പറമ്പത്ത് മുക്ക് താഴെ എടപ്പൊയിൽ മാഹി കനാൽ റോഡ് ടാറിംഗ് പ്രവൃത്തി പൂർത്തീകരിച്ച് 5 ദിവസത്തിനകം റോഡ് തകർന്നു - തുടർനടപടികൾ സ്വീകരിച്ചില്ല

പ്രോജക്ട് :- ചാമപ്പറമ്പത്ത് മുക്ക് താഴെ എടപ്പൊയിൽ മാഹി കനാൽ റോഡ്,

99/23

നിർവ്വഹണം :- അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ :- 3,00,000/- വികസനഫണ്ട്(ജനറൽ)

ചെലവ് :- 2,74,650/- ബിൽ സാങ്ഷൻ നം. 286 തീയതി 27.3.23

എഗ്രിമെന്റ് നം. :- 34/AE/LSGD/TVR/2022-23 തീയതി 18.11.22

കരാറുകാരൻ :- അസീസ്.വി.വി

ചാമപ്പറമ്പത്ത് മുക്ക് താഴെ എടപ്പൊയിൽ മാഹി കനാൽ റോഡ് ടാറിംഗ് പ്രവൃത്തിക്കായി ഓഡിറ്റ് വർഷം 2,74,650 രൂപ ചെലവഴിച്ചിട്ടുണ്ട്. 25.3.2023 ന് ടാറിംഗ് പ്രവൃത്തി പൂർത്തീകരിച്ച റോഡിൽ MIXED SEAL SURFACE അടർന്നിളകിയതായി കണ്ടതിനാൽ ആയത് അടിയന്തിരമായി പരിഹരിക്കുന്നതിനായി 30.3.2023 ന് അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരന് കത്തയച്ചെങ്കിലും കരാറുകാരൻ അപാകത പരിഹരിച്ചില്ല. റോഡിൽ കൂടുതൽ ഭാഗങ്ങൾ തകർന്നതായി കാണപ്പെട്ടതിനാൽ 26.7.23 ന് കരാറുകാരന്

വീണ്ടും കത്തയച്ചെങ്കിലും ഓഡിറ്റ് തീയതി വരെ അപാകത പരിഹരിച്ചിട്ടില്ല. ഓഡിറ്റിന്റെ ഭാഗമായി 7.11.23 ന് ഓവർസിയറുടെ സാന്നിധ്യത്തിൽ മേൽ പ്രവൃത്തി സന്ദർശിച്ചതിൽ റോഡിന്റെ ഒരു സൈഡിൽ 15 മീറ്ററോളം നീളത്തിൽ താഴ്ന്ന് പോയതായി കണ്ടു. 18.11.22 ലെ കരാറിലെ വ്യവസ്ഥ 7 പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തീയതി മുതൽ കൃത്യം 2 വർഷം ഗ്യാരണ്ടി പിരീയഡ് ആയി കണക്കാക്കുന്നതാണ്. പ്രസ്തുത ഗ്യാരണ്ടി പിരീഡിനുള്ളിൽ സംഭവിക്കുന്ന എല്ലാ തകരാറുകളും കരാറുകാരൻ സ്വന്തം ചെലവിൽ പരിഹരിക്കേണ്ടതാണ്. ഈ കാര്യത്തിൽ കരാറുകാരൻ വീഴ്ച വരുത്തുകയാണെങ്കിൽ പ്രവൃത്തിയുടെ തകരാറുകൾ മറ്റൊരു ഏജൻസിയെ കൊണ്ട് പരിഹരിക്കേണ്ടതും അതിന് വേണ്ടി വരുന്ന ചെലവ് കരാറുകാരന്റെ ജാമ്യനിക്ഷേപത്തിൽ നിന്ന് വസൂലാക്കേണ്ടതുമാണ്. മേൽ പ്രവൃത്തി പൂർത്തീകരിച്ച് 5 ദിവസത്തിനകം തന്നെ റോഡ് തകർന്നിട്ടും കരാറുകാരന് കത്തയക്കുകയല്ലാതെ മറ്റ് തുടർ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. ആയത് വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ റോഡിലെ തകരാർ പരിഹരിച്ച് അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം കരാറുകാരന്റെ ജാമ്യനിക്ഷേപം മുതൽക്കൂട്ടേണ്ടതും, കരാറുകാരനെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽ പ്രവൃത്തിക്കായി ചെലവഴിച്ച 2,74,650 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-30 തനത് ഫണ്ട് വകയിരുത്തി അംഗീകാരം നേടിയ പ്രൊജക്ടുകളിൽ തനത് ഫണ്ടിന് പകരം മറ്റ് സ്രോതസ്സുകൾ ഉൾപ്പെടുത്തി ഭേദഗതി വരുത്തി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ തനത്ഫണ്ട് വകയിരുത്തി അംഗീകാരം നേടിയ പ്രൊജക്ടുകൾ ഭേദഗതി വരുത്തി തനത്ഫണ്ടിന് പകരം വികസന ഫണ്ട്, സംരക്ഷണഗ്രാന്റ് എന്നിവ വകയിരുത്തിയതായും/ചെലവഴിച്ചതായും കാണുന്നു. പ്രവൃത്തികളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ടുനം. /പേര് | അടങ്കൽ തുക/ഫണ്ട് | ഭേദഗതി വരുത്തിയ അടങ്കൽ തുക/ഫണ്ട് | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 84/23, മണ്ടോളകണ്ടി മുക്ക് കപ്പള്ളി റോഡ് | 3,00,000 – തനത് ഫണ്ട് | 2,98,098 – വികസനഫണ്ട് (ജനറൽ) | 0 |
| 2 | 85/23, പുനത്തിൽ താഴ മഞ്ഞാം പുറത്ത് റോഡ് | 3,00,000 – തനത് ഫണ്ട് | 3,00,000 – വികസനഫണ്ട് (ജനറൽ) | 259955 |
| 3 | 99/23, ചാമപ്പറമ്പത്ത് മുക്ക് താഴെ എടപ്പൊയിൽ മാഹി കനാൽ റോഡ് | 3,00,000 – തനത് ഫണ്ട് | 3,00,000 – വികസനഫണ്ട് (ജനറൽ) | 274650 |

| | | | | |
|---|---|---|---|---|
| 4 | 100/23, രാമത്ത് കണ്ടി തെക്കേ കണ്ണം വെള്ളി റോഡ് | 3,00,000 – തനത് ഫണ്ട് | 3,00,000 – വികസനഫണ്ട് (ജനറൽ) | 184582 |
| 5 | 103/23, ഇടയിൽ പീടിക കിഴക്കേ നെയ്യിലേരി റോഡ് | 3,00,000 – തനത് ഫണ്ട് | 3,00,000 – വികസനഫണ്ട് (ജനറൽ) | 0 |
| 6 | 109/23, നമ്പീരാം കണ്ടി ആലിച്ചേരിക്കടവ് റോഡ് | 3,00,000 – തനത് ഫണ്ട് | 3,00,000 – വികസനഫണ്ട് (ജനറൽ) | 234883 |
| 7 | 121/23, എടക്കുടി മുക്ക് പുളിയത്തിങ്കൽ റോഡ് | 3,00,000 – തനത് ഫണ്ട് | 3,00,000 – വികസനഫണ്ട് (ജനറൽ) | 286194 |
| 8 | 122/23, കനിവയൽ കഴിച്ചാൽ മുക്ക് റോഡ് | 3,00,000 – തനത് ഫണ്ട് | 3,00,000 – വികസനഫണ്ട് (ജനറൽ) | 0 |
| 9 | 132/23, ചാപ്പൊയിൽ ടാങ്ക് റോഡ് | 3,00,000 – തനത് ഫണ്ട് | 3,00,000 – വികസനഫണ്ട് (ജനറൽ) | 0 |
| 10 | 133/23, കാപ്പങ്ങാടി പാലോളി സ്കൂൾ റോഡ് | 3,00,000 – തനത് ഫണ്ട് | 2,65000 – വികസനഫണ്ട് (ജനറൽ) | 263342 |
| 11 | 135/23, പെരുവനത്താഴ എൽ പി സ്കൂൾ റോഡ് | 3,00,000 – തനത് ഫണ്ട് | 3,00,000 – വികസനഫണ്ട് (ജനറൽ) | 296787 |
| 12 | 140/23, കാവിൽ തീക്കുനി കണ്ണമ്പത്ത് കര എൽ പി സ്കൂൾ റോഡ് പരിഷ്കരണം | 200000 - തനത് ഫണ്ട് 500000 – സംരക്ഷണഗ്രാന്റ് (റോഡ്) | 7,00,000 – സംരക്ഷണഗ്രാന്റ് (റോഡ്) | 646101 |
| 13 | 146/23, തടത്തിൽ മുക്ക് ഹോമിയോ ഡിസ്പൻസറി റോഡ് | 3,00,000 – തനത് ഫണ്ട് | 3,00,000 – വികസനഫണ്ട് (ജനറൽ) | 295517 |
| 14 | 158/23, കന്നിനട കവുന്തൻനട റോഡ് റീടാറിംഗ് | 50000 - തനത് ഫണ്ട് 250000 – സംരക്ഷണഗ്രാന്റ് (റോഡ്) | 300000 – സംരക്ഷണഗ്രാന്റ് (റോഡ്) | 299949 |
| 15 | 159/23, കന്നിനട ബ്ലോക്ക് ഓഫീസ് റോഡ് റീടാറിംഗ് | 100000 - തനത് ഫണ്ട് 300000 – സംരക്ഷണഗ്രാന്റ് (റോഡ്) | 400000 – സംരക്ഷണഗ്രാന്റ് (റോഡ്) | 390882 |
| 16 | 162/23, എടക്കാട്ട് മുക്ക് - നാറാണത്ത് റോഡ് മെറ്റലിംഗ് ടാറിംഗ് | 100000 - തനത് ഫണ്ട് 400000 – സംരക്ഷണഗ്രാന്റ് (റോഡ്) | 250000 – സംരക്ഷണഗ്രാന്റ് (റോഡ്) | 184991 |
| | ആകെ | | | 3617833 |

സ.ഉ.(കൈ) നം.84/22/ത.സ്വ.ഭ.വ തീയതി 19.4.22 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 5.1(14) പ്രകാരം തനത്ഫണ്ട് വകയിരുത്തി അംഗീകാരം നേടിയ പ്രൊജക്ടുകളിൽ തനത്ഫണ്ടിന് പകരം

മറ്റ് സ്രോതസ്സുകൾ വകയിരുത്തുന്ന രീതിയിൽ ഭേദഗതി ചെയ്യാൻ പാടില്ല. അപ്രകാരമുള്ള പ്രൊജക്ട് ഭേദഗതികൾ ജില്ലാ ആസൂത്രണസമിതി അംഗീകരിക്കാനും പാടില്ല. വാർഷിക പദ്ധതി അടങ്കൽ നിശ്ചയിക്കുന്നത് സംബന്ധിച്ച് പദ്ധതി മാർഗ്ഗരേഖയിൽ കൃത്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പ്രൊജക്ടുകൾ തെരഞ്ഞെടുക്കുന്നതിന് മുൻപ് വിഭവ ലഭ്യത സംബന്ധിച്ച് കൃത്യമായ ഒരു ധാരണ ഉണ്ടാക്കണം. കരട് പദ്ധതിയിലെ പ്രൊജക്ട് നിർദ്ദേശങ്ങളെ സംബന്ധിച്ച് വികസന സെമിനാറിൽ ഉണ്ടായിട്ടുള്ള ശുപാർശകളും ത.സ്വ.ഭ.സ്ഥാപനത്തിന്റെ മുൻഗണനകളും കണക്കിലെടുത്ത് കൊണ്ട് വിവിധ വിഭാഗങ്ങളിൽ ഓരോ വിഷയമേഖലയ്ക്കും ഉപമേഖലയ്ക്കും വകയിരുത്താവുന്ന അടങ്കൽ തുക എത്രയെന്ന് വിവിധ സമാഹരണ സാധ്യതകൾ പരിഗണിച്ച് ഭരണസമിതി തീരുമാനിക്കേണ്ടതാണ്. വിഭവ പരിധിക്കുള്ളിൽ നിന്നുകൊണ്ട് മുൻഗണനാടിസ്ഥാനത്തിൽ പ്രൊജക്ടുകൾ തെരഞ്ഞെടുത്ത് വേണം വാർഷികപദ്ധതിയ്ക്ക് അന്തിമരൂപം നൽകേണ്ടത്. ഗ്രാമ പഞ്ചായത്തിൽ മേൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് വാർഷിക പദ്ധതികൾക്ക് അടങ്കൽ തുക നിശ്ചയിച്ചതെന്ന് വ്യക്തമാണ്. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അടങ്കൽ തുകയിൽ മാറ്റം വരുത്തി പദ്ധതി ഭേദഗതി വരുത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. അപാകത സൂചിപ്പിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. മേൽ പ്രവൃത്തികൾക്കായി ചെലവഴിച്ച 36,17,833/- രൂപ തടസ്സത്തിൽ വെക്കുന്നു.

1-31 കോൺക്രീറ്റ് പേവിംഗ് - ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികളിലും ഫോംവർക്കിന്

തുക ഉൾപ്പെടുത്തുന്നു

2022-23 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ റോഡ്/ഫുട്ട്പാത്ത് നിർമ്മാണങ്ങളിൽ കോൺക്രീറ്റ് നടത്തിയപ്പോൾ ഫോംവർക്ക് ആവശ്യമില്ലാതിരുന്ന/ഫോംവർക്ക് ചെയ്തിട്ടില്ലാത്ത സാഹചര്യത്തിലും 4% തുക ഫോംവർക്കിനായി ഉൾപ്പെടുത്തുകയും കരാറുകാർക്ക് അനുവദിക്കുകയും ചെയ്തിരിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനം | പ്രോജക്ട് പേര്/നമ്പർ | ഉൾപ്പെടുത്തിയ ഇനം/ നിരക്ക് | ചെയ്ത അളവ്/ നൽകിയ തുക | ഫോം വർക്ക് തുക ഒഴിവാക്കി നൽകാവുന്ന തുക | 4% അധിക തുക |
|---|---|---|---|---|---|
| 1 | തിരുവള്ളൂർ ടൗൺ ഡ്രെയിനേജ് ഫുട്പാത്ത് നിർമ്മാണം, 17/23 | 11.4.1.1, ഡ്രൈൻ ബെഡ് കോൺക്രീറ്റ് 7841.68 | 19.157m3 X 6576= 125976.43 | 19.157m3 X 6323.07= 121131.05 | 4845 |
| 2 | കിഴക്കയിൽ എം.എൽ പി സ്കൂൾ കടവത്ത് വയൽ റോഡ് , 46/23 | 11.4.3.1, ഐറിഷ് ഡ്രൈൻ 7606.38 | 1.44m3 X 7606.38= 10953.19 | 1.44m3 X 7313.83=10531.91 | 421 |
| 3 | കോട്ടപ്പള്ളി കപ്രത്ത് പാറ റോഡ്, 54/23 | 75.8.1, ഐറിഷ് ഡ്രൈൻ 7598.44 | 5.06m3 X 7598.44= 38448.11 | 5.06m3 X 7306.19= 36969.32 | 1479 |
| 4 | വാടിയിൽ ലക്ഷം വീട് റോഡ്, 42/23 | 11.4.3.1, ഐറിഷ് ഡ്രൈൻ 8323.43 | 5.495m3 X 8323.43= 45737.25 | 5.495m3 X 8003.30= 43978.13 | 1759 |
| 5 | കന്നിനട കവുന്തൻനട റോഡ് റീടാറിംഗ്, 158/23 | 75.8.1, ഐറിഷ് ഡ്രൈൻ 7598.45 | 6.829m3 X 7598.45= 51889.92 | 6.829m3 X 7306.20= 49894.04 | 1996 |

| | | | | | |
|---|---|---|---|---|---|
| 6 | ചാപ്പൊയിൽ കാപ്പങ്ങാടി റോഡ്, 49/23 | 11.4.3.1, ഐറിഷ് ഡ്രെൻ 7606.38 | 5.34m3 X 7606.38= 40618.07 | 5.34m3 X 7313.83= 39055.85 | 1562 |

ഓഡിറ്റിന്റെ ഭാഗമായി 7.11.23 ന് നടത്തിയ സൈറ്റ് പരിശോധനയിൽ മേൽ പ്രവൃത്തികൾ ഓവർസിയറുടെ സാന്നിധ്യത്തിൽ സന്ദർശിക്കുകയുണ്ടായി. പരിശോധനയിൽ ഈ പ്രവൃത്തികളിലൊന്നും കോൺക്രീറ്റിനായി ഫോംവർക്ക് ചെയ്യേണ്ടി വന്നിട്ടില്ല എന്ന ബോധ്യപ്പെട്ടു. ഫോംവർക്ക് ആവശ്യമായി വന്നില്ലെന്നിരിക്കെ ഫോംവർക്കിനായി 4% വരുന്ന തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. ആയത് വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, അധികചെലവുണ്ടായത് കരാറുകാരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-32 തിരുവല്ലൂർ ടൗൺ ഡ്രെയിനേജ് ഫുട്പാത്ത് നിർമ്മാണം - പഴയ സ്ലാബ് പൊളിച്ച കമ്പി ലേലം ചെയ്തതിന്റെ വിവരം ലഭ്യമല്ല

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം. - 17/23, തിരുവല്ലൂർ ടൗൺ ഡ്രെയിനേജ് ഫുട്പാത്ത് നിർമ്മാണം

അടങ്കൽ - 10,00,900, CFC(Tied)

ചെലവ് തുക - 7,93,636/-, ബിൽ നം. 165/16.2.23

മേൽ പദ്ധതിയിൽ Dismantling Of Damaged Drainage Slabs, Dismantling Of Damaged Drainage Side Wall എന്നിവ ഉൾപ്പെട്ടിരുന്നു. പ്രവൃത്തിയുടെ ഇനം 1 ആയി 13.235m3 Drainage Slabs, ഇനം 2 ആയി 41.787m3 Side Wall എന്നിവ പൊളിച്ചു മാറ്റിയിട്ടുണ്ട്. പൊളിച്ചു മാറ്റിയ ഇനങ്ങളുടെ സ്റ്റാക്കോ പുനരുപയോഗത്തിന് സാധ്യമാണോയെന്നത് സംബന്ധിച്ച സാക്ഷ്യപത്രമോ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് ലേലം ചെയ്തതിന്റെ വിവരം ലഭ്യമല്ല. മേൽ പ്രവൃത്തി പ്രകാരം പൊളിച്ചു മാറ്റിയ സാമഗ്രികൾ ലേലം ചെയ്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. അപാകത സൂചിപ്പിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. ചെലവ് തുക 7,93,636/- രൂപ തടസ്സത്തിൽ വെക്കുന്നു.

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വസ്തു നികുതി തെറ്റായി നിർണ്ണയിച്ചു- നികുതിയിനത്തിൽ നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം '3 ൽ 4 പ്രകാരം തക്കതായ കാരണങ്ങളാൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിൽ ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണെന്ന് പറയുന്നു. ചട്ടം '3 ൽ 5 ൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം 4-ാം ചട്ടം (1)-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ

കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിട ഭാഗത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ്.

എന്നാൽ ശ്രീ.അമിറുദ്ദീൻ.കെ, ഫാത്തിമ മൻസിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 06/83A മുതൽ 06/83F വരെ കെട്ടിട നമ്പർ നൽകിയതും 225.74m2 വിസ്തീർണ്ണവുമുള്ള വാണിജ്യ കെട്ടിടത്തിന് 100 ച.മീറ്ററിൽ കുറവുള്ള ചെറിയ മുറികളായി കെട്ടിട നമ്പർ നൽകുകയും 100 ച.മീറ്ററിൽ കുറവുള്ള കെട്ടിടത്തിന്റെ കുറഞ്ഞ നികുതി നിരക്ക് നൽകിയുമാണ് നികുതി കണക്കാക്കിയിരിക്കുന്നത്. ചട്ടം 4(1) പ്രകാരം 100 ച.മീറ്ററിൽ കൂടുതലുള്ള ഈ കെട്ടിടത്തിന് 100m2 ൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ നികുതി നിരക്ക് നൽകേണ്ടതായിരുന്നു. ഇപ്രകാരം ചെയ്യാത്തത് മൂലം വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

കെട്ടിടം ടാക്സ് അസസ് ചെയ്ത് സഞ്ചയയിൽ ഡിജിറ്റൽസൈൻ ചെയ്തത് 16.06.22 നാണ്. കെട്ടിടം പ്രാഥമിക മേഖലയിലും 5 മീറ്റർ റോഡ് സൗകര്യം ഉള്ളതുമാണ്.

100m2 വരെ നികുതി നിരക്ക്-ച.മീറ്ററിന് - Rs.40/-

100m2 ന് മുകളിൽ നികുതി നിരക്ക്-ച.മീറ്ററിന് - Rs.60/

| ക്രമ നം | കെട്ടിട നമ്പർ, | വിസ്തീർണ്ണം | ഈടാക്കിയ വസ്തുനികുതി | വസ്തുനികുതി യഥാർത്ഥത്തിൽ കണക്കാക്കേണ്ടത് | വസ്തുനികുതി കണക്കാക്കിയതു മൂലം പഞ്ചായത്തിനുണ്ടായ നികുതി യിനത്തിലെ നഷ്ടം |
|---|---|---|---|---|---|
| 1 | 6/83 A | 22.33M2 | 1072/-<br>(LC- 54) | അടിസ്ഥാന വസ്തു നികുതി നിരക്ക്-ചതു.മീറ്ററിന് 60/-രൂപ,<br>അടിസ്ഥാന വസ്തു നികുതി= 1340/-,<br>വഴി വർദ്ധന (20%) = 268/-<br>ആകെ =1608/- | 536+<br>27(LC) |

| | | | | | |
|---|---|---|---|---|---|
| | | | | LC=81/- | |
| 2 | 6/83 B | 22.33M2 | 1072/- (LC- 54) | അടിസ്ഥാന വസ്തു നികുതി നിരക്ക്- ച.മീറ്ററിന് 60/- രൂപ, അടിസ്ഥാന വസ്തു നികുതി= 1340/-, വഴി വർദ്ധന (20%) = 268/- ആകെ =1608/- LC=81/- | 536+ 27(LC) |
| 3 | 6/83 C | 22.33M2 | 1072/- (LC- 54) | അടിസ്ഥാന വസ്തു നികുതി നിരക്ക്- ചതു.മീറ്ററിന് 60/-രൂപ, അടിസ്ഥാന വസ്തു. നികുതി= 1340/-, വഴി വർദ്ധന (20%) = 268/- ആകെ =1608/- LC=81/- | 536+ 27(LC) |
| 4 | 6/83 D | 56.32 M2 | 2704/- (LC- 136) | അടിസ്ഥാന വസ്തു നികുതി നിരക്ക്- ച.മീറ്ററിന് 60/- രൂപ, അടിസ്ഥാന വസ്തു നികുതി= 3380/-, | 1352+ 67(LC) |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | വഴി വർദ്ധന (20%) =<br>676/-<br>ആകെ =4056/-<br>LC=203/- | | |
| | 5 | 6/83 E<br>(1-ാം<br>നില) | 79.38 M2 | 3621/-<br>(LC- 181) | അടിസ്ഥാന വസ്തു<br>നികുതി നിരക്ക്-<br>ച.മീറ്ററിന് 60/-<br>രൂപ,അടിസ്ഥാന<br>വസ്തുനികുതി=<br>4763/-,<br>വഴി വർദ്ധന (20%) =<br>953/-<br>ആകെ =5716/-<br>(1-ാം നില 5%<br>ഇളവ് 5430<br>LC=272/- | 1809+91(LC) | |
| | 5 | 6/83 F | 79.38 M2 | 3621/-<br>(LC- 181) | അടിസ്ഥാന വസ്തു<br>നികുതി നിരക്ക്-<br>ച.മീറ്ററിന് 60/-<br>രൂപ,അടിസ്ഥാന<br>വസ്തുനികുതി=<br>4763/-,<br>വഴി വർദ്ധന(20%) =<br>953/-<br>ആകെ =5716/-<br>(1-ാം നില 5%<br>ഇളവ്) 5430 | 1809+91(LC) | |

| | | | | | |
|---|---|---|---|---|---|
| | | | | LC=272/- | |
| | | | | ആകെ നഷ്ടം | 6578/-<br>(LC- 330/-) |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതും കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 04.11.2023 മുതൽ 08.11.2023 വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 4,42,325 | നിറപറ നെല്ല് വിത്ത് കുമ്മായം കൂലിചെലവ് സബ്സിഡി | 4,42,325 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 11,27,815 | ലൈഫ് ഭവന നിർമ്മാണവും സ്ഥലം വാങ്ങലും | 11,27,815 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 6,75,780 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 6,75,780 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 3,00,000 | കറവപ്പശു കാലിത്തീറ്റ | 3,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സബ്സിഡി | | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,50,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 2,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 3,00,000 | കരുമ്പാക്കണ്ടി കുടിവെള്ള പദ്ധതി ടാങ്ക് നിർമ്മാണം | 3,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2,25,260 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,25,260 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,50,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1,50,000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

-ഇല്ല-

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| ക്രമ നം. | പ്രോ.നം. | പദ്ധതിയുടെ പേര് | ഏജൻസിയുടെ പേര് | അഡ്വാൻസ് കൊടുത്ത തുക | അഡ്ജസ്റ്റ് ചെയ്ത തുക | ബാക്കി |
|---|---|---|---|---|---|---|
| 1. | 142 | കോമത്ത് മുക്ക് പൈക്കാട്ട് മുക്ക് റോഡ് റീ ടാറിംങ് | ULCCS | 67729 | 0 | 67729 |
| 2. | 147 | കിഴക്കയിൽ മുക്ക് പൈങ്ങോട്ടായി റോഡ് റീ ടാറിംങ് | ULCCS | 118516 | 0 | 118516 |
| 3. | 152 | കൊയിലോത്ത് മുക്ക്- വായാട്ട്റോഡ് റീ ടാറിംങ് പൊയിൽ | ULCCS | 50451 | 0 | 50451 |
| 4. | 155 | വെള്ളൂക്കര-കരുവൻ വളപ്പ് റോഡ് റീ ടാറിംങ് | ULCCS | 50816 | 0 | 50816 |
| 5. | 164 | ചാപ്പൊയിൽ മുക്ക് -കുട്ടൻ പറമ്പത്ത് റോഡ് റീ ടാറിംങ് | ULCCS | 67379 | 0 | 67379 |
| 6. | 165 | മീങ്കണ്ടിത്താഴെ-കീഴൽ മുക്ക് റോഡ് റീ ടാറിംങ് | ULCCS | 50239 | 0 | 50239 |
| 7. | 167 | മാരാം വീട്ടിൽ പ്രിയദർശ്ശിനി റോഡ് റീ ടാറിംങ് | ULCCS | 84687 | 0 | 84687 |
| 8. | 171 | കാവുംകുനി കോളനി റോഡ് റീ ടാറിംങ് | ULCCS | 32730 | 32730 | 0 |
| 9. | 160 | സായ് സ്ക്വയർ കപ്പളിത്താഴെ റോഡ് റീ ടാറിംങ് | ULCCS | 219914 | 0 | 219914 |

4-5 വായ്പ / വായ്പാതിരിച്ചടവ് ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി ലോൺ- ലൈഫ് | സ.ഉ (സാധാ) നം.G.O(MS)68/2018 Dtd.18.05.2018 | 0 | 44,89,730 | 7,76,227 | --- | 37,13,503 |

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 58,86,673 |
| തൻവർഷം നിക്ഷേപിച്ച തുക | 4,21,104 |
| ആകെ | 63,07,777 |
| തൻവർഷം പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 63,07,777 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|

| | |
|---|---|
| മന്തരത്തുർ സഹകരണ ബാങ്ക്-106120010004479 | 28,56,214 |
| മന്തരത്തുർ സഹകരണ ബാങ്ക്-106120010002131 | 16,23,867 |
| മന്തരത്തുർ സഹകരണ ബാങ്ക് 106120010002797 | 10,84,856 |
| കേരള ബാങ്ക്-100171807520021 | 7,42,840 |
| ആകെ | 63,07,777 |

കേരള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച 709998/- രൂപയ്ക്ക് യഥാർത്ഥത്തിൽ 41066 രൂപയാണ് പലിശ. എന്നാൽ ആദായനികുതി ഇനത്തിൽ 8214/- രൂപ കുറച്ച് 32852/- രൂപയാണ് പലിശയായി ലഭിച്ചത്.

ആദായനികുതി ഇനത്തിൽ കുറവ് വരുത്തിയ തുക 2022-23 സാമ്പത്തിക വർഷത്തിൽ തന്നെ പഞ്ചായത്തിന് തിരികെ ലഭിക്കുകയും ആയത് വരവായി RP8 ൽ രേഖപ്പെടുത്തിയിട്ടുമുണ്ട്.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2014-15, 2-4 | 2016-17, അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | പരാമർശം തുടരുന്നു |
| 2015-16, 2-2 | 2016-17 അനുബന്ധം -5 | തൊഴിൽ നികുതി അപാകതകൾ | പരാമർശം തുടരുന്നു |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് | സർട്ടിഫിക്കറ്റ് നമ്പർ, തീയതി | ഉത്തരവാദിയായവർ | ഉൾപ്പെട്ട തുക | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| വർഷം,<br>ഖണ്ഡിക | | | | |
| 2007-08<br>3-14, 3-16 | LF14922/Spl Cell/CSC/D2/13 | മുഹമ്മദ് ഷഫീഖ്.പി,<br>സെക്രട്ടറി<br>ഷിബ (ഹൗസ്),<br>എസ്.ബി കോളനി<br>റോഡ്, മേട്ടം കുന്ന്,<br>തലശ്ശേരി | 10758<br>10645 | തുടരുന്നു |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ആകെ വരവ്<br>(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 6,43,24,106 |
| ആകെ ചെലവ്<br>(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 5,62,10,708 |
| വരവിനങ്ങളിലുള്ള നഷ്ടം | 6,578 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 51,80,442 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-10 | 6,578 | -- | സിന്ധു പി.ജി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 203928 | ശ്രീമതി സിന്ധു പി.ജി, സെക്രട്ടറി |

| | | |
|---|---|---|
| | 33763 | ശ്രീമതി ഷൈലജ കെ, സെക്രട്ടറി |
| 1-15 | 1500 | ശ്രീമതി സിന്ധു പി.ജി, സെക്രട്ടറി |
| | 1500 | ശ്രീമതി ഷൈലജ കെ, സെക്രട്ടറി |
| 1-18 | 93840 | ശ്രീ സലീൽ കുമാർ കെ.കെ,<br>വി. ഇ.ഒ |
| 1-19 | 61200 | ശ്രീ.സലീൽ കുമാർ കെ കെ, വി.ഇ.ഒ |
| 1-22 | 81680 | ശ്രീമതി.ശൈലജ കെ, സെക്രട്ടറി |
| 1-23 | 10000 | ശ്രീ.അബ്ദുൾ അസീസ് വള്ളിൽ ,<br>അസിസ്റ്റന്റ് സെക്രട്ടറി. |
| 1-27 | 6912 | ശ്രീമതി.ശൈലജ കെ, സെക്രട്ടറി |
| 1-29 | 274650 | ശ്രീ ആഷിക്. കെ ടി,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-30 | 3617833 | ആഷിക്. കെ ടി,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-32 | 793636 | ആഷിക് കെ.ടി,<br>അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായ വരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഷൈലജ കെ, സെക്രട്ടറി | സെക്രട്ടറി കരുവള്ളൂർ പഞ്ചായത്ത് | കോളിയോട്ട്, കോഴിക്കോട് 673016 |
| ശ്രീമതി സിന്ധു പി.ജി സെക്രട്ടറി | സെക്രട്ടറി പുറമേരി പഞ്ചായത്ത് | സദ്മം , കുറിഞ്ഞാലിയോട് |

| | | |
|---|---|---|
| ശ്രീ.സലീൽ കുമാർ കെ.കെ, വി.ഇ.ഒ | വി.ഇ,ഒ<br>തിരുവള്ളൂർ | പീറ്റക്കണ്ടിയിൽ, മേമുണ്ട, 673104 |
| അബ്ദുൾ അസീസ് വള്ളിൽ , അസിസ്റ്റന്റ് സെക്രട്ടറി. | അസിസ്റ്റന്റ് സെക്രട്ടറി.<br>തിരുവള്ളൂർ | വള്ളിൽ, ചെരണ്ടത്തൂർ പി.ഓ., 673544 |
| ആഷിക്. കെ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ കോഴിക്കോട് കോർപ്പറേഷൻ | കൊല്ലൻതൊടുകയിൽ, പന്നിക്കോട്ടൂർ നരിക്കുനി, 673572 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 2002-03 | കെ.എസ്എ/കെകെഡി/പി5/ 1606/2022 തീയതി.20/10/2022 | 5 | 2-1, 3-2, 3-4, 3-6, 3-14 |
| 2006-07 | കെ.എസ്എ/കെകെഡി/പി5/ 1261/2022 തീയതി.20/10/2022 | 3 | 3-17, 3-19, 3-20, |
| 2007-08 | കെ.എസ്എ/കെകെഡി/പി5/ 1268/2022തീയതി.20 /10/2022 | 4 | 2-6(2),3-14, 3-16, 3-17 |
| 2008-09 | കെ.എസ്എ/കെകെഡി/പി5/ 1273/2022 തീയതി.20/10/2022 | 8 | 2-1, 2-2, 2-5, 2-6, 2-7, 3-12, 3-14(2), 3-17 |
| 2009-10 & 2010-11 | എൽ.എഫ്/കെകെഡി/പി5/ 1296/2013 തീയതി.11/11/2013 | 16 | 3-2 മുതൽ 3-5 വരെ, 3-7മുതൽ 3-9 വരെ, 3-12, 3-13, 3-14, 3-15, 3-18, 3-19, 3-22, 3-24, 3-25 |
| 2013-14 & 2014-15 | കെ.എസ്എ/കെകെഡി/പി5/ 1274/2022 തീയതി.20/10/2022 | 3 | 2-2, 2-3, 2-4 |
| 2015-16 | കെ.എസ്എ/കെകെഡി/പി5/ 1269/2022 തീയതി.20/10/2022 | 5 | 2-2, 2-3, 3-1, 3-3, 3-6 |
| 2016-17 | കെ.എസ്എ/കെകെഡി/പി5/ 1272/2022 തീയതി.20/10/2022 | 5 | 2-5, 2-7, 3-2, 3-4, 3-6 |
| 2017-18 | കെ.എസ്എ/കെകെഡി/പി5/ 1605/2022 തീയതി.20/10/2022 | 6 | 2-3, 2-4(1), 3-3, 3-5, 3-7(1), 3-13 |
| 2018-19 | കെ.എസ്.എ/കെ.കെ.ഡി/ പി5/239/ 2020/ തീയതി 03/03/2020 | 27 | 1-6 മുതൽ 1-32 വരെ |
| 2019-20 | കെ.എസ്എ/കെകെഡി/പി5/ 1441/2021 തീയതി.08/11/2021 | 14 | 1-1-3 മുതൽ 1-14 വരെ |
| 2020-21 | കെ.എസ്എ/കെകെഡി/പി5/ 1643/2022 തീയതി.07/06/2023 | 29 | 1-1-1, 1-1-4, 1-2(1,2,3,4,6,10)1-5, 1-7, 1-10, 1-11-1,2,3, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-20, |

| | | | |
|---|---|---|---|
| | | | 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29 |
| 2021-22 | കെ.എസ്എ/കെകെഡി/പി5/220/23 തീയതി.3/06/23 | 32 | 1-1 മുതൽ 1-31 വരെ, 3-1 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 27-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Thiruvallur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thiruvallur Grama Panchayat for the year 2022-2023

Date: 01/12/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Thiruvallur Grama Panchayat for the Year 2022-2023.

**1.Major Observations**

1. Payment voucher mis-classification.

**2.Other Observations**

1. Following mandatory financial statements prescribed in accounting
rule are not submitted for audit.
a.Ratios.
b.Notes to accounts.
2. Net increase/decrease in cash flow does not match with the difference between
the opening balance and closing balance of the cash and cash equivalents.
3.The following registes are not maintained/reliable for audit.
a.Sale Of Tender Forms
b.Receipt from Miscellaneous Sale
c.Stock register.
4. Lapses in making timely demand entries in respect of tax and non tax revenue.
5.The amount obtained from auction which should be recorded as an asset of the panchayat, is recorded under the liability head.
6..A difference of Rs.16950 remains between annual financial statement and deposit register.

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്